# താമരമൊട്ടുകൾ

വാല്യം 22 | ജനുവരി 2020 | ലക്കം 1 | Price ₹20




## കുടുംബ നവീകരണ വർഷം 2020

"നവ ചൈതന്യത്തോടെ നാം മുന്നോട്ട്"

29 ഡിസംബർ 2019 - 27 ഡിസംബർ 2020

**താമരശ്ശേരി രൂപതാ ബുള്ളറ്റിൻ**

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-12-2019 |



Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## January 2020

| | | |
|---|---|---|
| 01 | 06.30 | Puthuppady |
| | 10.30 | Mailellampara |
| | 14.30 | Mariapuram |
| 02 | 06.45 | Anackampoil |
| | 11.00 | Kuliramutty |
| | 11.30 | Pulloorampara |
| | 14.30 | Kaithapoil |
| | 15.00 | Puthuppady |
| 03 | 06.30 | Kulathuvayal |
| | 16.00 | Anackampoil |
| 04 | 06.30 | Malaparamba |
| | 10.30 | Manjeri |
| | 12.00 | Koomankulam |
| | 16.00 | Thrissur |
| 05 | 10.00 | Kattullamala |
| | 17.00 | Manjeri |
| 06 | 10.30 | Alakode |
| | 19.00 | Thamarassery |
| 07-15 | | Synod |
| 16 | 10.00 | Kadaplamattam |
| 17 | | Office day |
| | 12.00 | Thamarassery |
| | 17.00 | Manjumala |
| 18 | 06.45 | Kakkavayal |
| | 10.30 | Kunduthode |
| | 17.00 | Kulathuvayal |
| 19 | 09.30 | Vettilappara |
| | 16.00 | Puthuppady |
| 20 | 09.30 | Thamarassery |
| | 11.00 | Mukkom |
| 21-23 | | PMOC - Junior Clergy |
| 22 | 16.00 | Alakode |
| 23 | 11.00 | East Hill |
| 24 | 06.30 | Pullanjimedu |
| | | Office day |
| | 18.00 | Korangad |
| 25 | 09.15 | Valamboor - Ordination |
| | 16.00 | Oravumpuram |
| | 19.00 | Pullanjimedu |
| 26 | 10.00 | Kallanode |
| 27 | 09.30 | Koorachundu |
| 28 | 10.00 | Thamarassery |
| | 17.00 | Perinthalmanna |
| 29-31 | | Kunnoth |

വാല്യം 22 താമരമൊട്ടുകൾ ജനുവരി 2020 ലക്കം 01

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്പ. 16:31)

## കുടുംബ നവീകരണ വർഷം 2020

## എല്ലാവർക്കും പുതുവത്സരാശംസകൾ!

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 3 |
| 2. | പ്രോഗ്രാം ജനുവരി 2020 | 5 |
| 3. | സർക്കുലർ | 6 |
| 4. | സർക്കുലർ | 10 |
| 5. | സർക്കുലർ | 14 |
| 6. | മാർപാപ്പയുടെ സന്ദേശം | 19 |
| 7. | കച്ചേരിക്കാര്യം | 30 |
| 8. | THE MEMBERS OF THE EPARCHIAL ADMINISTRATIVE TRIBUNAL | 32 |
| 9. | ആദരാഞ്ജലികൾ | 39 |
| 10. | സെമിനാരി വാർത്തകൾ | 41 |
| 11. | മതബോധനം | 42 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 45 |
| 13. | ലിറ്റർജി കമ്മീഷൻ | 46 |
| 14. | ആൽഫ മരിയ അക്കാദമി | 47 |
| 15. | ഫാമിലി അപ്പോസ്തലേറ്റ് | 48 |
| 16. | മദ്യവിരുദ്ധ സമിതി | 49 |
| 17. | വിൻസെന്റ് ഡി പോൾസംഘടന | 52 |
| 18. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 53 |
| 19. | അൽഫോൻസാ കോളേജ് തിരുവമ്പാടി | 54 |
| 20. | മാതൃവേദി | 57 |
| 21. | പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 60 |
| 22. | ബഥാനിയ വാർത്തകൾ | 60 |
| 23. | കരിസ്മാറ്റിക് മൂവ്മെന്റ് | 62 |
| 24. | വികസനവേദി | 64 |
| 25. | യേശുനിധി | 67 |
| 26. | അജപാലനക്കുറിപ്പുകൾ | 68 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Alunkal Augustine | January | 1 |
| Karikunnel Antony | ,, | 4 |
| Kulathinkal Mathew | ,, | 6 |
| Purayidathil Sebastian | ,, | 8 |
| Pattasseril Sebastian | ,, | 10 |
| Poothakuzhy Joseph | ,, | 10 |
| Pullolickal Mathew | ,, | 12 |
| Keelath Joseph | ,, | 13 |
| Kollamparambil Mathew | ,, | 18 |
| Naduvathettu Francis | ,, | 19 |
| Mukhalayil Kuriakose | ,, | 20 |
| Moolayil John | ,, | 22 |

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kochukaipayil Kuriakose | January | 3 |
| Mukhalayil Kuriakose | ,, | 3 |
| Palakeel Kuriakose | ,, | 3 |
| Puthenveettil Kuriakose | ,, | 3 |
| Cheeramattathil Sebastian | ,, | 20 |
| Embrayil (Sr.) Sebastian | ,, | 20 |
| Embrayil (Jr.) Sebastian | ,, | 20 |
| Chembukandathil Sebastian | ,, | 20 |
| Kachappilly Davis CMI | ,, | 20 |
| Karackattu Sebastian | ,, | 20 |
| Karackal Sebastian | ,, | 20 |
| Kavalakatt Sebastian | ,, | 20 |
| Muringayil Sebastian | ,, | 20 |
| Panamattamparambil Sebastian | ,, | 20 |
| Parathottathil Sebastian | ,, | 20 |
| Pattasseril Sebastian | ,, | 20 |
| Pookulam Sebastian | ,, | 20 |
| Pulickal Sebastian | ,, | 20 |
| Purayidathil Sebastian | ,, | 20 |
| Puthiyaparambil Sebastian | ,, | 20 |
| Vadakkel Sebastian | ,, | 20 |
| Vallaparambil Devasia | ,, | 20 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജനുവരി 2020

| | | |
|---|---|---|
| 01 | ബുധൻ | വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ. |
| 02 | വ്യാഴം | PBI: Class ADCT |
| 03 | വെള്ളി | **വി. ചാവറ കുര്യാക്കോസ്,** |
| | | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 04 | ശനി | ക്രിസ്റ്റീൻ: സബ്സോൺ ആനിമേറ്റേഴ്സ് മീറ്റിംഗ് – താമരശ്ശേരി |
| 05 | ഞായർ | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവ ധ്യാനം (5-9) |
| | | AKCC : മൈത്രി-2020 ഫൊറോനതല സെമിനാർ ഉദ്ഘാടനം |
| | | ക്രിസ്റ്റീൻ: സബ്സോൺ ആനിമേറ്റേഴ്സ് മീറ്റിംഗ് – മരുതോങ്കര |
| 06 | തിങ്കൾ | **ദനഹാത്തിരുനാൾ** |
| | | പ്രീ-കാനാ കോഴ്സ് (6-8) |
| 07 | ചൊവ്വ | **സീറോ മലബാർ മെത്രാൻ സിനഡ്** (07-15) |
| 10 | വെള്ളി | ബഥാനിയ : ഏകദിന കൺവെൻഷൻ |
| | | വി. യോഹന്നാൻ മാംദാന |
| 11 | ശനി | മതബോധനം: പ്രധാന അധ്യാപക സംഗമം |
| | | PBI: Class ADCT |
| | | ക്രിസ്റ്റീൻ: സബ്സോൺ ആനിമേറ്റേഴ്സ് മീറ്റിംഗ്-തോട്ടുമുക്കം |
| 12 | ഞായർ | ക്രിസ്റ്റീൻ: സബ്സോൺ ആനിമേറ്റേഴ്സ് മീറ്റിംഗ് -കൂരാച്ചുണ്ട് |
| 19 | ഞായർ | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവ ധ്യാനം (19-23) |
| | | PBI: ഫൊറോന ദൈവശാസ്ത്ര പഠനക്ലാസ്സ് |
| 20 | തിങ്കൾ | **വി. സെബാസ്ത്യാനോസ്** |
| 21 | ചൊവ്വ | **ജൂനിയർ ക്ലർജി സെമിനാർ** (21-23) |
| | | ചരമദിനം: ഫാ. ജോസഫ് മൈലാടൂർ (2016) |
| 24 | വെള്ളി | വി. ഫ്രാൻസിസ് സാലസ് |
| 25 | ശനി | **വൈദികരുടെ സ്ഥലം മാറ്റം** |
| | | വി. പൗലോസിന്റെ മാനസാന്തരം |
| | | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| 26 | ഞായർ | മതബോധനം: HCC വാർഷിക പരീക്ഷ |
| | | PBI: Class ADCT |
| 28 | ചൊവ്വ | ഫൊറോന വികാരിമാരുടെ മീറ്റിംഗ്, വി. തോമസ് അക്വിനാസ് |
| 30 | വ്യാഴം | PBI: Seminar |
| 31 | വെള്ളി | **വി. ഡോൺ ബോസ്കോ** |

*സർക്കുലർ*

# സീറോമലബാർ പ്രേഷിതവാരാചരണം

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താ മാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജന ത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയസഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്ര കാരം ആഗോളസഭയിൽ2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ആഘോഷിച്ചിരുന്നുവല്ലോ. സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തു കൊണ്ട് 1919 നവംബറിൽ ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് 15-ാമൻ പാപ്പാ പുറപ്പെടുവിച്ച മാക്സിമുംഇല്ലൂദ് എന്ന അപ്പസ്തോ ലിക ലേഖന ത്തിന്റെ ശതാബ്ദിവർഷം പ്രമാണിച്ചായിരുന്നു ഫ്രാൻസിസ് മാർപാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന് ആഹ്വാനംചെയ്തത്. ആഗോള കത്തോലിക്കാസഭ മുഴുവനിലും ആചരിച്ച ഈ പ്രേഷിത മാസം നമ്മിലെ പ്രേഷിതതീക്ഷ്ണതയെ ഉജ്വലിപ്പിക്കുവാനും പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷ മമാക്കാനും അതിനനുവേണ്ട നൂതനാശയങ്ങൾ ഉൾക്കൊള്ളുവാനും സഹായകമായിരുന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽവേണം 2020 ജനുവരി6-ാം തിയതി മുതൽ 12-ാംതിയതിവരെയുള്ള ദിവസങ്ങളിൽ ഈ വർഷത്തെ പ്രേഷിതവാരം സീറോഭമലബാർ സഭയിൽ ആചരിക്കേണ്ടത്.

മിഷനെ അറിയുക, മിഷനറിയാവുക എന്ന ആദർശ വാക്യ ത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് പ്രേഷിതവാരാചരണം കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ മാമ്മോദീസ സ്വീകരിച്ച എല്ലാവർ ക്കും കടമയുണ്ട്. സീറോഭമലബാർ സഭയക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സുവിശേഷപ്രഘോഷണദൗത്യം നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അസാധാരണ പ്രേഷിതമാസം പ്രഖ്യാപിച്ചുകൊണ്ട്

നൽകിയ കത്തിൽ പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചതുപോലെ ഒരു സഭയെന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമ്മുടെ പ്രേഷിത ദൗത്യനിർവ്വഹണത്തിൽ തികഞ്ഞ തീക്ഷ്ണതയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. പ്രേഷിതപ്രവർത്തനം സാധ്യമാക്കുന്നതിനായി സുരക്ഷിത മേഖല കൾ തേടിപ്പോകുന്ന പ്രവണതയെ ഉപേക്ഷിക്കുവാനും സമ്പന്നവും ശോഭനവുമായ ഭൂതകാല സ്മരണകളിൽ മയങ്ങിജീവിക്കാതെ ഭാവികർത്തവ്യങ്ങളുടെ വിളഭൂമിയിലേക്ക് കർമ്മധീരരായി പ്രേഷിത തീക്ഷ്ണതയോടെ പ്രവേശിക്കുവാനും നാം ഉത്സുകരാകണം. വ്യക്തി കളും സമർപ്പിത സമൂഹങ്ങളും ഇടവകകളും രൂപതകളും ഈ പ്രേഷിതപ്രബുദ്ധത ഉൾക്കൊള്ളണം. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന പ്രേഷിതസാധ്യതകളും കടമകളും ഫലപ്രദമായി നിർവ്വഹിക്കുവാൻ ഈ വർഷത്തെ പ്രേഷിത വാരാചരണം എല്ലാവരെയും ശക്തിപ്പെടുത്തണം

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും സഫലമായി മുന്നോട്ടുപോകുന്നതിന്റെ പ്രധാന കാരണം നമ്മുടെ സഭയിലെ വൈദി കരുടെയും സമർപ്പിതരുടെയും മിഷൻ തീക്ഷ്ണതയാണ്. ഈ അവസരത്തിൽ, ഭാരതത്തിലും ഭാരതത്തിനു പുറത്തും സുവിശേഷ പ്രഘോഷണത്തിൽ സധൈര്യം വ്യാപൃതരായിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും മിഷനറിവൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും നന്ദിയോടെഓർക്കുന്നു. നമ്മുടെ ജീവിതാ ന്തസ് എന്താണെങ്കിലും പ്രവർത്തന മേഖല എവിടെയാണെങ്കിലും മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ പ്രേഷിതാഭിമുഖ്യത്തിൽ വളരാനും കൂടെയുള്ളവരെ വളർത്താനുമുള്ള ഉത്തരവാദിത്വവും വിളി യും നമുക്കുണ്ട്. 2019- ലെ മിഷൻ ഞായർസന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞുവയ്ക്കുന്നതും ഇതുതന്നെ യാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല. പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്ക പ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ളഒരു നിധിയാണ്. മിഷൻ എന്നതിന്റെ ശരിയായ അർത്ഥം ഇതാണ്. ഈ ദൈവിക ജീവൻ നമുക്ക് ദാനമായി ലഭിച്ചതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 8-ാം വാക്യത്തിൽ പറയുന്നതുപോലെ 'ദാനമായി നമുക്ക് ലഭിച്ചത് ദാനമായി നൽകണം'.

നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പി ക്കാനും മിഷനുകളെ സഹായിക്കാനുമായി സീറോ-മലബാർ മിഷൻ ഫണ്ട് എന്ന പദ്ധതി സീറോമലബാർ സഭാകാര്യാലയമായ മൗണ്ട്സെന്റ് തോമസിൽ പ്രവർത്തിക്കുന്ന കാര്യം ഓർമ്മപ്പെടു ത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷവത്കരണവും ഭാവിയിലേ ക്കുള്ള മിഷൻ പ്രവർത്തനത്തിനായി

വൈദിക-സന്യാസാന്തസ്സിൽ പ്രവേശിക്കുന്നവരുടെ പരിശീലനവും ലക്ഷ്യമാക്കിയാണ് ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ ഫണ്ടുവഴി പ്രേഷിതപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള സഹായങ്ങൾ നൽകിവരുന്നു. പ്രേഷിതവാരാചരണത്തോടനുബന്ധിച്ച് നമ്മുടെ സഭാംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന സംഭാവനയാണ് ഈ കർമ്മ പരിപാടികൾ ക്കായി പ്രയോജനപ്പെടുത്തുന്നത്.

ഈ പ്രേഷിതവാരാചരണത്തിലും തുടർന്നുള്ള പ്രേഷിതജീവിത ത്തിലും ചെയ്യേണ്ട ചിലകാര്യങ്ങൾ ഈയവസരത്തിൽ ഓർമ്മപ്പെടു ത്തട്ടെ. സുവിശേഷസന്ദേശത്തിന്റെ പ്രചാരണത്തിനായി മാധ്യമങ്ങളെ കൂടുതലായി പ്രയോജനപ്പെടുത്തണം. സോഷ്യൽമീഡിയയുടെ ഉപയോഗം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് അവയെ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷ സന്ദേശത്തിന്റെ വ്യാപനത്തിനായി പ്രയോജനപ്പെടുത്തണം. സഭയുടെ മിഷൻ പ്രവർത്തനങ്ങളോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ, സമ്മേളനങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പ്രേഷിതയാത്രകൾ എന്നിവ ഇടവകതലത്തിലും രൂപതാതലത്തിലും സംഘടിപ്പിക്കണം. മിഷൻ പ്രവർത്തനങ്ങൾക്കായി തീക്ഷ്ണതയുള്ള ദൈവവിളികൾ പ്രോത്സാ ഹിപ്പിക്കണം. നമ്മൾ എവിടെയായിരുന്നാലും ഏതു സാഹചര്യത്തി ലായിരുന്നാലും ഭയമില്ലാത്ത മിഷനറിമാരായിരിക്കുവാൻ മിശിഹാ നമ്മെ ക്ഷണിക്കുന്നു (അപ്പ 1:8).

സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കാനുള്ള അവസര ങ്ങൾ നാം തന്നെ കണ്ടെത്തി വളർത്തണം. മിഷൻ പ്രദേശങ്ങളിൽ നിന്നുള്ള വാർത്തകൾ നമ്മുടെ ഇടവകകളിൽ അറിയുന്നതിനുള്ള സംവിധാനമുണ്ടാകണം. സഭാമക്കൾ തങ്ങളുടെ ക്രൈസ്തവ വിളിയിൽ നിക്ഷിപ്തമായ പ്രേഷിത കടമയെ നിരന്തരം വിചിന്തന ത്തിനു വിധേയമാക്കുകയും ദൈവം കനിഞ്ഞു നൽകിയ സ്വകാര്യ സമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഭാഗം സഭയുടെ പ്രേഷിത പ്രവർത്തനത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുവാൻ തയ്യാറാകുകയും വേണം.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത സ്വായത്തമാക്കി ധീരോദാത്തമായ സുവിശേഷ പ്രഘോഷണത്തിലൂടെ നമ്മുടെ കർത്താവിന്റെ മൗതികശരീരമായ സഭയുടെ വളർച്ചയും ഉത്തരോത്തരമുള്ള ഉന്നമനവും ലക്ഷ്യമാക്കി നമുക്ക് ഒന്നായി മുന്നോട്ട് നീങ്ങാം.

കാക്കനാട് മൗണ്ട്സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് നവംബർമാസം 5-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽസ്നേഹപൂർവ്വം,
കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

---

NB: 1. 2020 ജനുവരി 05-ാംതീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർസഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. സീറോമലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട്സെന്റ് തോമസിൽ പ്രവർത്തിക്കുന്ന *സീറോമലബാർ മിഷൻ* ഓഫീസിൽ 2020 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.**

# ചാവറവർഷാചരണം 2020

മിശിഹായിൽ പ്രിയസഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വിശുദ്ധമായ ഒരു ഓർമ്മയാചരണത്തിനുള്ളവർഷമാണ് 2020. കർമ്മനിരതവും പുണ്യചരിതവുമായ ഒരുജീവിതത്തിനുശേഷം നമ്മുടെ സഭാതനയനായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3-ാം തീയതി പരലോക പ്രാപ്തനായതിന്റെ 150-ാം വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധ കത്തോലിക്കാസഭയി ലെ പേരുവിളിക്കപ്പെട്ട വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെട്ട ഈ ധന്യാത്മാവിനെ അനുസ്മരിക്കാനും ആ വിശുദ്ധ ജീവിത

ത്തിൽനിന്ന് പ്രചോദനമുൾക്കൊള്ളാനും അദ്ദേഹംവഴി ദൈവാനുഗ്രഹം പ്രാപിക്കാനും നമുക്ക് ലഭിക്കുന്ന പ്രത്യേക അവസരമാണ് ഈ ജൂബിലിവർഷം.

വിശുദ്ധരെല്ലാവരും സുവിശേഷത്തിന്റെ സത്യം ആത്മാർത്ഥത യോടെ ജീവിച്ചവരും തീക്ഷണതയോടെ പ്രഘോഷിച്ചവരും തങ്ങളുടെ ജീവിതസാഹചര്യത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചവരുമാണ്. ജീവിച്ച കാലഘട്ടത്തിൽ മാത്രമല്ല, എക്കാലവും വിശ്വാസികൾക്ക് പ്രചോദനമേകുന്നതാണ് അവരുടെ ജീവിതം. വി. ചാവറയച്ചന്റെ ജീവിതവും സന്ദേശവും ഈ യാഥാർഥ്യത്തിന് അടിവരയിടുന്നതാണ്. സഭയും സമുദായവും വളരെയേറെ പരിമിതികളിലൂടെ കടന്നുപോയ 19-ാം നൂറ്റാണ്ടിൽ ജീവിച്ച വി. ചാവറയച്ചൻ ആ നൂറ്റാണ്ടിനെ മാത്രമല്ല, സഭയെ എക്കാലവും ശോഭനമാക്കുന്ന ഒരു പ്രകാശഗോപുരമാണ്.

വി. ചാവറയച്ചൻ സഭയ്ക്കു നല്കിയ സംഭാവനകളിൽ ഏറ്റവും ശ്രേഷ്ഠമായതായി വി. ജോൺ പോൾ രണ്ടാമൻ പാപ്പാ ചൂണ്ടികാണിച്ചത് പരിശുദ്ധ സിംഹാനത്തോടും നിയമാനുസൃത മെത്രാന്മാരോടുമുള്ള ഐക്യത്തിലും വിധേയത്വത്തിലും ഉറച്ചുനിന്നുകൊണ്ട് സഭയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി അദ്ദേഹം നിലകൊണ്ടു എന്ന വസ്തുതയാണ്. സ്വജനത്തെ ശീശ്മയിൽ നിന്നും ആത്മനാശത്തിൽനിന്നും രക്ഷിക്കാൻമാത്രമല്ല, സ്വന്തം സഭാസമൂഹ ത്തിൽപ്പെട്ട മെത്രാനെ തങ്ങൾക്കു നല്കണമെന്ന് പരിശുദ്ധ സിംഹാസനത്തോടു സന്യായം അവകാശപ്പെടാനും അദ്ദേഹം ധൈര്യം കാട്ടി. അപ്രകാരം സീറോമലബാർ സഭയുടെ വളർച്ചയ്ക്കും ഐക്യത്തിനും അവകാശങ്ങൾക്കും വേണ്ടി ജീവിതം സമർപ്പിച്ച സഭയുടെ ആദ്യ വികാരി ജനറാളും വിശ്വാസത്തിലും വിശുദ്ധിയിലും വിശ്വസ്തതയിലും ദൈവജനത്തെ നയിച്ച ആത്മീയ പിതാവുമാണ് വി. ചാവറയച്ചൻ.

ദൈവത്തെ സ്വന്തം അപ്പനായി ദർശിക്കുകയും എന്റെ, അപ്പാ ഈ പേരുകൊണ്ടല്ലാതെ എനിയ്ക്കങ്ങയെവിളിപ്പാനാകുന്നില്ല എന്ന് ഒരുകുഞ്ഞിന്റെ സ്നേഹാർജ്ജവത്തോടെ ഏറ്റുപറഞ്ഞ് ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിൽ പ്രാർത്ഥിക്കുകയും, തന്നെത്തന്നെ ദൈവത്തിന്റെ മകനായും മറ്റു മനുഷ്യരെയെല്ലാം ദൈവത്തിന്റെ മക്കളും തന്റെ കൂടെപ്പിറപ്പുകളുമായി കാണുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത ഒരു ആത്മീയ മനുഷ്യനായിരുന്നു വി. ചാവറയച്ചൻ. ദൈവപുത്രനായ ഈശോ പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ ഈ വിശ്വദർശനം സ്വന്തമാക്കി സ്വജീവിതത്തെ മനുഷ്യ നന്മയ്ക്കായി വ്യയം ചെയ്ത ഈ പ്രേഷിതവര്യൻ, ഈശോ മിശിഹാ പാടുപെട്ടു ചോരചിന്തി രക്ഷിച്ച ഒരാത്മാവുപോലും നശിച്ചുപോകരുതെന്നും എല്ലാ ആത്മാക്കളേയും തന്റെ അപ്പന്റെ പക്കലേയ്ക്ക് അടുപ്പിക്ക

ണമെന്നുമുള്ള തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നവനാണ്.

1829 നവംബർ 29-ന് വൈദികപട്ടം സ്വീകരിച്ച് ദൈവജനത്തിനിടയിലേയ്ക്കിറങ്ങിയ ചാവറയച്ചന് നേരിടേണ്ടി വന്നത് താൻ അംഗമായിരിക്കുന്ന സഭയുടേയും സമുദായത്തിന്റേയും പരാധീനതകളാണ്. തങ്ങളെ നയിക്കാനും പ്രബോധിപ്പിക്കാനും സ്വന്തമായി ഒരു മെത്രാൻപോലുമില്ലാതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറി ക്കിടന്ന ദൈവജനത്തിന്റെ നവീകരണത്തിനും കൂട്ടായ്മയ്ക്കും വേണ്ടുന്ന മാർഗ്ഗങ്ങൾ ദൈവസന്നിധിയിലിരുന്ന് അദ്ദേഹം ആരാഞ്ഞു. മാനസാന്തരപ്പെടാനുള്ള ആഹ്വാനത്തോടെ സുവിശേഷം പ്രഘോഷിച്ച് തന്റെ പരസ്യജീവിതം ആരംഭിച്ച മിശിഹായെപ്പോലെ ദൈവവചന പ്രഘോഷകനായിട്ടാണ് അദ്ദേഹം ആദ്യം ദൈവജനത്തിനിടയിലേയ്ക്ക് കടന്നുചെന്നത്. ഞായറാഴ്ചകളിൽ ദൈവവചന പ്രഘോഷണവും ഇടവകകളിൽ ജ്ഞാന ധ്യാനങ്ങളും സാധാരണമല്ലാതിരുന്ന ആ കാലത്ത് ചാവറയച്ചൻ സമാരംഭിച്ച ഈ സത്കൃത്യംവഴി ദൈവജനത്തിനുണ്ടായ ആത്മീയപുരോഗതി വളരെ വലുതായിരുന്നു. മാത്രമല്ല, ജ്ഞാനവും വിശുദ്ധിയുമുള്ള നല്ല ഇടയന്മാരും വചനപ്രഘോഷകരും പ്രബോധകരുമുണ്ടാകാൻ സെമിനാരികൾ ആരംഭിച്ചു. വിശുദ്ധ ജീവിതം നയിച്ച് ജനത്തെ വിശുദ്ധിയിൽ വളർത്താനും മിശിഹാ സഭയെഏല്പിച്ച ദൗത്യം തുടർന്നുകൊണ്ടുപോകാനും സന്യസ്തരുടെആവശ്യകത മനസിലാക്കിയഅദ്ദേഹംസി.എം.ഐ, സി.എം.സി സന്യാസ സമൂഹങ്ങൾ ആരംഭിക്കുകയും, കൊവേന്തകളും കന്യാസ്ത്രിമഠങ്ങളും സ്ഥാപിച്ച് സഭയിൽ നല്ലൊരു സമർപ്പിതനിര രൂപപ്പെ ടുത്തുകയും ചെയ്തു.

തനിക്കു ഏൽപ്പിക്കപ്പെട്ട വിശ്വാസിസമൂഹത്തിന്റെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ ദീർഘവീക്ഷണ ത്തോടെ അദ്ദേഹം വ്യാപൃതനായിരുന്നു. ജ്ഞാനകുരുടത്തം മാറാതെ വിശുദ്ധിയുടെ മുളപൊട്ടുകയില്ലെന്നും സമുദായം അഭിവൃദ്ധിപ്പെടുകയില്ലെന്നും ഗ്രഹിച്ച് പള്ളിയോടുചേർന്നു പള്ളിക്കൂടങ്ങളും, ജ്ഞാനംപകരുന്ന പുസ്തകങ്ങൾ സംലഭ്യമാക്കാൻ അച്ചടിശാലയും, ആരോരുമില്ലാത്തവർക്കുവേണ്ടി ഉപവിശാലയും വളരെയേറെ പ്രതിബന്ധങ്ങളെ തരണംചെയ്തു വി. ചാവറയച്ചൻ സ്ഥാപിച്ചു. ചാവറയച്ചന്റെ കൈയൊപ്പു പതിച്ച സമാരംഭങ്ങളെ അനുസ്മരിക്കുമ്പോൾ ആത്മാക്കളുടെ രക്ഷയും ദൈവജനത്തിന്റെ സമഗ്രമായ ഉന്നമനവുമായിരുന്നു ഇതിന്റെയെല്ലാം പിന്നിൽ അദ്ദേഹത്തെ പ്രേരിപ്പിച്ച ചാലകശക്തി എന്ന കാര്യവും വിസ്മരിച്ചുകൂടാ. ദൈവാശ്രയത്തിൽ അടിയുറച്ച ക്രിയാത്മകമായ പ്രവർത്തനശൈലികൊണ്ടും ഉച്ചനീചത്വങ്ങൾ താണ്ടിയുള്ള ഒരു സമൂഹനിർമ്മിതിക്കുവേണ്ടി അക്ഷീണം യത്നിച്ചതിനാലും ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവെന്ന നിലയിലും അറിയപ്പെടുന്നുണ്ട്.

ലോകത്തിൽഎവിടേയും ശ്ലാഘിക്കപ്പെടുന്ന ഒന്നാണ് നമ്മുടെ സഭയിലെ കുടുംബങ്ങൾ. വിശ്വാസവും വിശ്വസ്തതയും വിശുദ്ധിയുമുള്ള കുടുംബങ്ങൾ കെട്ടിപ്പടുക്കുവാൻ ചാവറയച്ചന്റെ *'ഒരു നല്ല അപ്പന്റെചാവരുൾ'* ഉളവാക്കിയ

സ്വാധീനം വാക്കുകൾക്കതീതമാണ്. ആധുനിക കുടുംബങ്ങൾ നേരിടുന്ന പല വെല്ലുവിളികൾക്കുമുള്ള പ്രതിവിധി ആ ചെറുകൃതിയിൽ കണ്ടെത്താനാകും. നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിനു സദൃശ്യമാകുന്നു എന്ന് പഠിപ്പിച്ചുകൊണ്ട് ഓരോ കുടുംബവും സ്വർഗ്ഗരാജ്യതുല്യം വളരണം എന്ന ഉയർന്ന ലക്ഷ്യം ക്രൈസ്തവ സമൂഹത്തിന് നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചിട്ടയും ക്രമവുമുള്ള കുടുംബത്തിനേ ഭദ്രതയുണ്ടാവൂ എന്നും അതിനുതകുന്ന രീതിയിൽ മക്കളുടെ വളർച്ചയിൽ ശ്രദ്ധ വേണമെന്നും അദ്ദേഹം സ്നേഹപൂർവ്വം നിഷ്കർഷിക്കുന്നുണ്ട്. ദൈവസ്നേഹത്തിൽ അടിസ്ഥാനമിട്ട് പരസ്പര സ്നേഹത്തിലും കരുതലിലും വളർന്നു പന്തലിക്കുവാൻ ഉപയുക്തമായ ഒരു കുടുംബ ദർശനം പത്തൊമ്പതാം നൂറ്റാണ്ടിൽ ഭാരത സഭയ്ക്ക് നൽകുവാൻ വി. ചാവറയച്ചന് കഴിഞ്ഞു എന്നുള്ളത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

പ്രിയ മക്കളേ, ഇപ്രകാരം നമ്മുടെ സഭയെ ധീരതയോടെ നയിച്ച ഈ പുണ്യചരിതന്റെ ജീവിതത്തെ അടുത്തറിയാനും അനുകരിക്കാനും ഈ ശതോത്തരസുവർണ്ണ ജൂബിലി അനുസ്മരണം ഇടയാക്കട്ടെ. അതിനായി ക്രമീകരിക്കപ്പെടുന്ന കർമ്മപരിപാടികളോട് നിർല്ലോഭം സഹകരിക്കാനും ആത്മീയാഭിവൃദ്ധി കൈവരിക്കാനും ദൈവജനം മുഴുവനോടും ഞാൻ അഭ്യർത്ഥിക്കുന്നു. വി. ചാവറയച്ചനെപ്പോലെ സഭയോടുള്ള പ്രതിബദ്ധതയിൽ ജീവിച്ച് മിശിഹായുടെ ദൗത്യം പൂർത്തീകരിക്കാൻ എല്ലാ സഭാതനയർക്കുംഈ അനുസ്മരണ വർഷം അവസരമൊരുക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും വി. കുര്യാക്കോസ് എലിയാ സച്ചന്റെയും മാദ്ധ്യസ്ഥത നമുക്ക് സഹായകമാകട്ടെയെന്നു പ്രാർത്ഥി ച്ചുകൊണ്ട്,

മിശിഹായിൽസ്നേഹപൂർവ്വം,
**കർദിനാൾജോർജ്ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാ മാണ്ട് ഡിസംമ്പർമാസം 11-ാം തീയതി നൽകപ്പെട്ടത്.

---

ഈ സർക്കുലർ ജനുവരി 12 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

# മിസ്സിയോ ദേയി 2020

## പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആചരിച്ചതിന്റെ തുടർച്ചയായിട്ടാണ് പ്രേഷിതവർഷം നാം ആചരിക്കുന്നത്. പ്രേഷിതമാസത്തിൽ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പഠന ശിബിരങ്ങളും ചർച്ചകളും മിഷണറി സംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷണറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നാം നടത്തുകയുണ്ടായി. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കേരളസഭയിലാകമാനം ഒരു പ്രേഷിതമാനസാന്തരം രൂപപ്പെടാനും പ്രേഷിതരൂപീകരണം അജപാലനശുശ്രൂഷയുടെ പ്രഥമ പരിഗണനാ വിഷയമാക്കിമാറ്റാനും പ്രേഷിതവർഷാചരണം ഉപകാരപ്രദമാണ്. ദനഹാ അഥവാ പ്രത്യക്ഷീകരണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിതവർഷത്തിന് 'ദൈവികദൗത്യം' എന്നർത്ഥംവരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നല്കിയിട്ടുള്ളത്. ആദ്യപാപംമൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽനിന്ന് മനുഷ്യകുലത്തെ ഉയർത്താൻ ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3:15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). സമയത്തിന്റെ പൂർണതയിൽ ദൈവപുത്രനായ യേശുക്രിസ്തു അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലൂടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങളിലൂടെയും ദൈവികപദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4).

രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കാൻവേണ്ടിയാണ് ക്രിസ്തുവിന്റെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയ

യ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്തംവരെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു (മത്താ 28:19-20). മനുഷ്യസമൂഹത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുകൊണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ അപ്പോസ്തലന്മാരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടന്നിൽ നിന്നാണ് സഭ പ്രേഷിതദൗത്യത്തിനുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ക്രിസ്തു അപ്പോസ്തലന്മാരെ ഭരമേല്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകാവസാനംവരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

## പ്രേഷിത മാനസാന്തരം

പ്രേഷിതമാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യനിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭതന്നെ മിഷനാണ്. മിഷനറി

പ്രവർത്തനമാണ് സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത സഭ സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിത മാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടുമുട്ടുക. രണ്ട്, ക്രിസ്തുസ്നേഹത്തെ പ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

"എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും" (മത്താ 24:14) പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു" (2 കോറി 5:14) എന്ന പൗലോസ് അപ്പോസ്തോലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് 'മാനസാന്തരം' എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരി

സ്ഥിതിക പാപമാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

### പ്രേഷിത രൂപീകരണം

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യനിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസപരിശീലനം, വൈദിക-സന്ന്യസ്ത-അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിതവർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,
സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**

ഈ സർക്കുലർ ദൈവാലയങ്ങളിൽ വായിക്കുകയോ ഇതിലെ ആശങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# അൻപത്തിമൂന്നാം ലോകസമാധാന ദിനാചരണം

# ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

1 ജനുവരി 2020

**സമാധാനം പ്രത്യാശയുടെ യാത്രയെന്ന നിലയിൽ: സംവാദവും, അനുരഞ്ജനവും പരിസ്ഥിതിപരമായ മാനസാന്തരവും**

**1. സമാധാനം: തടസ്സങ്ങളുടെയും പരീക്ഷയുടെയും മുമ്പിൽ പ്രത്യാശയുടെ ഒരു യാത്ര**

സമാധാനം മഹത്തും അമൂല്യവുമായ മൂല്യമാണ്. അത് നമ്മുടെ മുഴുവൻ മനുഷ്യരാശിയെ സംബന്ധിച്ചും പ്രത്യാശയുടെയും ആഗ്രഹത്തിന്റെയും വിഷയമാണ്. മാനുഷികമായ ഒരു മനോഭാവമെന്ന നിലയിൽ സമാധാനത്തിനുള്ള നമ്മുടെ പ്രത്യാശ അസ്തിത്വപരമായ സംഘർഷാവസ്ഥയാൽ മുദ്രിതമാണ്. അതാകട്ടെ, എല്ലാ പ്രയാസങ്ങളുമുള്ള വർത്തമാനകാലത്ത് ജീവിക്കാനും സ്വീകരിക്കപ്പെടാനും സാധ്യത നല്കുന്നു. "ഒരു ലക്ഷ്യത്തിലേക്ക് അതു തിരിഞ്ഞിരുന്നാൽ മാത്രമേ അതു സംഭവിക്കുകയുള്ളൂ. ഈ ലക്ഷ്യത്തെപ്പറ്റി നമുക്കു തീർച്ചയുണ്ടെങ്കിൽ, യാത്രയ്ക്കുള്ള പരിശ്രമത്തെ നീതീകരിക്കാനുള്ള ഈ ലക്ഷ്യം മഹനീയമായി നിലകൊള്ളുന്നെങ്കിൽ"[1] അതുകൊണ്ട് കീഴടക്കാനാവാത്തതെന്നുപോലും തോന്നുന്ന തടസ്സങ്ങൾ ഉള്ളപ്പോഴും പ്രചോദിപ്പിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്ന സദ്ഗുണമാണ് പ്രത്യാശ.

നാശകരമായ യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും മുറിവുകൾ മനുഷ്യസമൂഹം അതിന്റെ ഓർമ്മയിൽ പേറുന്നുണ്ട്. അവ പ്രത്യേകിച്ച് ദരിദ്രരെയും മുറിപ്പെടുത്തപ്പെടാവുന്നവരെയുമാണ് ബാധിക്കുന്നത്. ചൂഷണത്തിന്റെയും അഴിമതിയുടെയും ചങ്ങലകൾ തകർക്കാൻ മുഴുവൻ രാഷ്ട്രങ്ങൾക്കും പ്രയാസമായിരിക്കുന്നു. ചൂഷണവും അഴിമതിയും വിദ്വേഷത്തെയും അക്രമത്തെയും ആളിക്കത്തിക്കുന്നു. ഇന്നും ചെറുപ്പക്കാരും പ്രായമുള്ളവരുമായ സ്ത്രീപുരുഷന്മാരുടെ വലിയൊരു സംഖ്യയ്ക്ക് മഹത്ത്വം, ശാരീരിക പൂർണത, മതസ്വാതന്ത്ര്യം ഉൾപ്പെടെയുള്ള സ്വാതന്ത്ര്യം, സമൂഹപരമായ ഐക്യദാർഢ്യം, ഭാവിയെപ്പറ്റിയുള്ള പ്രത്യാശ എന്നിവ നിഷേധിക്കപ്പെട്ടിരിക്കുന്നു. അനേകം നിഷ്കളങ്കർ വേദനാജനകമായ തരംതാഴ്ത്തലിന്റെയും പുറത്താക്കപ്പെടലിന്റെയും ദുഃഖത്തിന്റെയും അനീതിയുടെയും ഇരകളാണ്. അവരുടെ ആളുകളുടെയും സ്നേഹിതരുടെയും മേൽ ഉണ്ടായ സംഘടിതമായ ആക്രമണങ്ങളുടെ കാര്യം പറയാനുമില്ല.

ആഭ്യന്തരവും അന്താരാഷ്ട്രപരവുമായ സംഘർഷങ്ങളുടെ ഭയാനകമായ ഉദ്യമങ്ങൾ മനുഷ്യവംശത്തിന്റെ ശരീരത്തിലും ആത്മാവിലും ശാശ്വതമായ പരിണതഫലമുണ്ടാക്കും. നിർദയമായ ആക്രമണങ്ങൾ വഴി ആ ഉദ്യമങ്ങൾ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ യുദ്ധവും സഹോദരഹത്യയുടെ ഒരു രൂപമാണ്. സാഹോദര്യത്തിലേക്കുള്ള മനുഷ്യകുടുംബത്തിന്റെ ജന്മസിദ്ധമായ വിളിയെ അതു തകർക്കുന്നു.

യുദ്ധം, നമുക്കറിയാവുന്നതുപോലെ, മിക്കപ്പോഴും തുടങ്ങുന്നത് മറ്റുള്ളവരുടെ വ്യത്യാസം അംഗീകരിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ്. അത് അപ്പോൾ വർധനവിന്റെയും കീഴടക്കലിന്റെയും മനോഭാവങ്ങളെ വളർത്തുന്നു. അതു സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും വിദ്വേഷത്തിൽ നിന്നും പരിഹസിക്കാനുള്ള ആഗ്രഹത്തിൽ നിന്നും മറ്റുള്ളവരെ മാറ്റി നിറുത്താനും നശിപ്പിക്കാനുമുള്ള ആഗ്രഹത്തിൽ നിന്നും ഉണ്ടാകുന്നു. ബന്ധങ്ങളുടെ തലതിരിച്ചിൽ, സ്വാധീനം ചെലുത്താനുള്ള അതിമോഹം, അധികാരത്തിന്റെ ദുർവിനിയോഗം, മറ്റുള്ളവരെ സംബന്ധിച്ച ഭീതി, വൈവിധ്യം തടസമായി പരിഗണിക്കൽ എന്നിവ വഴി യുദ്ധം ഉണ്ടാകുന്നു. ഇവയെല്ലാം യുദ്ധത്തിന്റെ അനുഭവംകൊണ്ട് വർധിക്കുകയും ചെയ്യുന്നു.

അടുത്തകാലത്ത് ജപ്പാനിലേക്കു ഞാൻ നടത്തിയ അപ്പസ്തോലിക യാത്രയുടെ സമയത്ത് നിരീക്ഷിച്ചതുപോലെ നമ്മുടെ ലോകം "പ്രതിലോമമായ വിഭാഗീകരണത്താൽ" മുദ്രിതമാക്കപ്പെട്ടിരിക്കുന്നു. "അത് സുരക്ഷിതത്വത്തെക്കുറിച്ചുള്ള ചിന്തയിലൂടെ സ്ഥിരതയെയും സമാധാനത്തെയും സംരക്ഷിക്കാനും ഉറപ്പുവരുത്താനും പരിശ്രമിക്കുന്നു. ആ സുരക്ഷിതത്വബോധം ഭയത്തിന്റെയും വിശ്വാസമില്ലായ്മയുടെയും മനോഭാവത്താൽ നിലനിറുത്തപ്പെടുന്നതാണ്. അത് ജനതകൾ തമ്മിലുള്ള ബന്ധങ്ങൾക്കു വിഷം കൊടുക്കുന്നു. സംവാദത്തിന്റെ ഏതു രൂപത്തെയും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പരസ്പരം പൂർണമായി നശിപ്പിക്കുമെന്ന ഭയത്തിൻമേലോ സമ്പൂർണ നശീകരണത്തിനുള്ള ഭീഷണിയിൻമേലോ പടുത്തുയർത്താനുള്ള പരിശ്രമങ്ങൾക്ക് ചേർന്നതല്ല സമാധാനവും അന്താരാഷ്ട്രസ്ഥിരതയും. ഐക്യദാർഢ്യത്തിന്റെയും സഹകരണത്തിന്റെയും ആഗോള സാന്മാർഗികതയുടെ അടിസ്ഥാനത്തിൽ മാത്രമേ അത് നേടാനാവുകയുള്ളൂ. ഐക്യദാർഢ്യവും സേവനവും ഭാവിയുടെ സേവനത്തിലുള്ളതായിരിക്കണം. ആ ഭാവി രൂപപ്പെടുത്തുന്നത് ഇന്നത്തെയും നാളത്തെയും മുഴുവൻ മനുഷ്യകുടുംബത്തിലും പരസ്പര സ്വാതന്ത്ര്യംകൊണ്ടും പങ്കുവയ്ക്കപ്പെടുത്തുന്ന ഉത്തരവാദിത്വം കൊണ്ടുമാണ് രൂപപ്പെടുത്തേണ്ടത്."[2]

ഭീഷണിപ്പെടുത്തുന്ന ഓരോ സാഹചര്യവും വിശ്വാസമില്ലായ്മയെ തീറ്റി

പ്പോറ്റുന്നു. ജനതകളെ തങ്ങളുടെ സ്വന്തം സുരക്ഷിതത്വ മേഖലയിലേക്ക് പിൻവലിക്കുന്നു. വിശ്വാസമില്ലായ്മയും ഭയവും ബന്ധങ്ങളെ ദുർബലപ്പെടുത്തുന്നു. അക്രമമുണ്ടാകാനുള്ള അപകടസാധ്യതയെ വർധിപ്പിക്കുന്നു. അതൊരു വിഷമവൃത്തമുണ്ടാക്കുന്നു. അത് ഒരിക്കലും സമാധാനപൂർണമായ ബന്ധത്തിലേക്കു നയിക്കുകയില്ല.

സമ്പൂർണ നശീകരണത്തെക്കുറിച്ചുള്ള ഭയത്തിലൂടെ ലോകത്തിൽ സ്ഥിരത സംരക്ഷിക്കാമെന്ന് നമുക്ക് ഒരിക്കലും അവകാശപ്പെടാനാവുകയില്ല. പെട്ടെന്നു മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ന്യൂക്ലിയർ അഗാധതയുടെ വക്കിൽ തൂക്കിയിട്ടിരിക്കുന്ന, നിസ്സംഗതയുടെ ഭിത്തികളുടെ പിന്നിൽ അടച്ചിട്ടിരിക്കുന്ന, ആ സാഹചര്യത്തിൽ സ്ഥിരത സൂക്ഷിക്കാനാവുകയില്ല. അതിന്റെ ഫലമായി ചെയ്യുന്ന സാമൂഹികവും സാമ്പത്തികവുമായ തീരുമാനങ്ങൾ ദുരന്തപരമായ സാഹചര്യങ്ങളിലേക്കു നയിക്കുന്നു. അവിടെ മനുഷ്യജീവികളും സൃഷ്ടിതന്നെയും സംരക്ഷിക്കപ്പെടുകയും സൂക്ഷിക്കപ്പെടുകയും ചെയ്യുന്നതിനുപകരം അവഗണിക്കപ്പെടുന്നു.[3] അപ്പോൾ സമാധാനത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും ഒരു യാത്ര എങ്ങനെ തുടങ്ങും? ഭീഷണികളുടെയും ഭയത്തിന്റെയും അനാരോഗ്യകരമായ മനോഭാവത്തെ എങ്ങനെ തകർക്കും? പരസ്പര വിശ്വാസമില്ലായ്മയുടെതായ ഇപ്പോഴത്തെ സംവിധാനത്തെ എങ്ങനെ തകർക്കും?

ദൈവത്തിൽ നിന്നുള്ള പൊതുവായ ഉത്പത്തിയിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും സംവാദത്തിലും പരസ്പര വിശ്വാസത്തിലും അഭ്യസിക്കുന്നതുമായ യഥാർത്ഥ സാഹോദര്യത്തെ നാം പ്രോത്സാഹിപ്പിക്കണം. സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹം മനുഷ്യഹൃദയത്തിന്റെ അഗാധതയിൽ കിടക്കുന്നു. അതിനെക്കാൾ ചെറുതായ ഒന്നിനെ അന്വേഷിക്കാൻ നാം സ്വയം പിന്മാറരുത്.

**2. സമാധാനം: ഓർമ്മ, ഐക്യദാർഢ്യം സാഹോദര്യം എന്നിവയിൽ അടിസ്ഥാനപ്പെടുത്തിയ കേൾക്കലിന്റെ യാത്ര**

ഹിരോഷിമയിലും നാഗസാക്കിയിലും ബോംബുവർഷത്തിൽ നിന്നു രക്ഷപെട്ട ഹിബാക്കുഷകൾ സംഘാത്മക മനഃസാക്ഷിയുടെ ജ്വാല ഇന്ന് സൂക്ഷിക്കുന്നവരിൽ പെടുന്നു. അവർ 1945-ൽ സംഭവിച്ചതിന്റെ ഭയത്തിന്റെ സാക്ഷികളാണ്; പിൻതലമുറകൾക്കും ഇന്നോളം തുടർന്നുണ്ടായ അവാച്യമായ സഹനങ്ങളുടെയും സാക്ഷികളാണ്. അവരുടെ സാക്ഷ്യം ഇരകളായവരുടെ ഓർമ്മയെ ഉണർത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു. ആധിപത്യത്തിനും നശിപ്പിക്കലിനുമുള്ള ഓരോ ആഗ്രഹത്തിന്റെയും മുമ്പിൽ മനുഷ്യവംശത്തിന്റെ മനഃസാക്ഷി ഉണരുവാനാണത്. “ഇവിടെ സംഭവിച്ചതിന്റെ ഓർമ്മ ഇപ്പോഴ

ത്തെയും ഭാവിയിലെയും തലമുറകൾ മറന്നുപോകാൻ അനുവദിക്കുന്നതിന് ഞങ്ങൾക്കു സാധ്യമല്ല. കൂടുതൽ നല്ലതും സഹോദരപരവുമായ ഒരു ഭാവിയെ സൃഷ്ടിക്കുവാൻ ഉറപ്പുനല്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ഓർമ്മയാണത്."[4]

കഴിഞ്ഞകാല സംഭവങ്ങളുടെ ഓർമ്മ വരുംതലമുറകൾ സൂക്ഷിക്കുമെന്ന് ഉറപ്പുവരുത്താൻ ഹിബക്കുഷ ജനതയെപ്പോലെ ഇന്നത്തെ ലോകത്തിലെ പല ജനതകളും പരിശ്രമിക്കുന്നുണ്ട്. അന്നത്തെ അതേ തെറ്റുകളോ മിഥ്യാധാരണകളോ വീണ്ടും വരാതെ തടയാൻവേണ്ടി മാത്രമല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ ഇന്നത്തെയും ഭാവിയിലെയും തീരുമാനങ്ങൾ സമാധാനം വളർത്താനുള്ള അടിസ്ഥാനവും പ്രചോദനവുമായിരിക്കുവാനും, അനുഭവത്തിന്റെ ഫലമെന്നപോലെ, ഓർമ്മയെ സഹായിക്കുവാനുമാണ് അപ്രകാരം ചെയ്യുന്നത്.

കൂടുതലായി എന്താണു പറയേണ്ടത്? ഓർമ്മ പ്രത്യാശയുടെ ചക്രവാളമാണ്. പലപ്പോഴും യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും മധ്യേ സ്വീകരിക്കപ്പെട്ട ഐക്യദാർഢ്യത്തിന്റെ ചെറിയ പ്രകടനത്തെക്കുറിച്ചുള്ള ഓർമ്മയ്ക്കുപോലും ധീരതയാർന്ന തീരുമാനങ്ങളിലേക്കു നയിക്കാൻ കഴിയും. വ്യക്തികളിലും സമൂഹങ്ങളിലും പുതിയ ഊർജങ്ങൾ ഒഴുക്കാനും പുതിയ പ്രത്യാശയ്ക്കു തിരികൊളുത്താനും അതിനു സാധിക്കും.

സമാധാനയാത്രയുടെ പുറപ്പാട് ഒരു വെല്ലുവിളിയാണ്. കാരണം, ജനതകളും സമൂഹങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ അപകടത്തിലായിരിക്കുന്ന താത്പര്യങ്ങൾ ധാരാളമുണ്ട്. അവ തമ്മിൽ സംഘട്ടനത്തിലാണുതാനും. ഒന്നാമതായി നമ്മൾ ജനതകളുടെ ധാർമ്മിക മനഃസാക്ഷിയോടും വ്യക്തിപരവും രാഷ്ട്രീയവുമായ ഇച്ഛാശക്തിയോടും അപേക്ഷിക്കണം. സമാധാനം ഉദ്ഭവിക്കുന്നത് മനുഷ്യഹൃദയത്തിന്റെ അഗാധതയിൽ നിന്നാണ്. രാഷ്ട്രീയ ഇച്ഛാശക്തിയെ എപ്പോഴും നവീകരിക്കണം. വ്യക്തികളെയും സമൂഹങ്ങളെയും അനുരഞ്ജിപ്പിക്കാനും ഐക്യപ്പെടുത്താനുംവേണ്ടി പുതിയ മാർഗങ്ങൾ കണ്ടെത്താനാണത്.

ലോകത്തിനു ശൂന്യമായ വാക്കുകളല്ല, പിന്നെയോ ഉത്തമബോധ്യമുള്ള സാക്ഷ്യങ്ങളാണ് ആവശ്യം. ബഹിഷ്കരണവും കൃത്രിമതയും തള്ളിക്കളയുന്ന സംവാദത്തോടു തുറവിയുള്ള സമാധാനസ്ഥാപകരെയാണ് ആവശ്യം. യഥാർത്ഥത്തിൽ, പ്രത്യയ ശാസ്ത്രങ്ങൾക്കും വ്യത്യാസപ്പെടുന്ന അഭിപ്രായങ്ങൾക്കും ഉപരിയായി സത്യം അന്വേഷിക്കുന്ന സ്ത്രീപുരുഷന്മാർ തമ്മിൽ ഉത്തമബോധ്യമുള്ള സംവാദം കൂടാതെ സമാധാനം നേടാൻ നമുക്കു കഴിയുകയില്ല. സമാധാനം "നിരന്തരം പടുത്തുയർത്തപ്പെടണം."[5] പൊതുനന്മ,

സത്യസന്ധത, നിയമത്തോടുള്ള ബഹുമാനം എന്നിവയ്ക്കായുള്ള നിരന്തര പരിശ്രമത്തിൽ ഒന്നിച്ചു നടത്തുന്ന യാത്രയാണത്. പരസ്പരം ശ്രവിക്കലിന് പരസ്പരധാരണയിലേക്കും ബഹുമാനത്തിലേക്കും നയിക്കാൻ കഴിയും. ഒരു ശത്രുവിന് ഒരു സഹോദരന്റേയോ സഹോദരിയുടെയോ മുഖം കാണാൻപോലും കഴിവു നല്കും.

അങ്ങനെ സമാധാനപ്രക്രിയ ശാശ്വത സമർപ്പണമാണ്. സത്യവും നീതിയും അന്വേഷിക്കാനുള്ള ക്ഷമാപൂർണമായ ഒരു പരിശ്രമമാണ്. ഇരകളായവരുടെ ഓർമ്മയെ ആദരിക്കാനും പ്രതികാരത്തിനുള്ള ആഗ്രഹത്തെക്കാൾ ശക്തമായ പങ്കുവയ്ക്കപ്പെടുന്ന പ്രത്യാശയിലേക്ക് ക്രമേണ കടക്കാനുള്ള വഴി തുറക്കാനുള്ള പരിശ്രമമാണ്. നിയമത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു സ്റ്റേറ്റിൽ ഈ പ്രക്രിയയുടെ സുപ്രധാന മാതൃകയാകാൻ ജനാധിപത്യത്തിനു കഴിയും. അത് നീതിയിലും ഓരോ വ്യക്തിയുടേയും, പ്രത്യേകിച്ച് ദുർബലരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും, അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമർപ്പണത്തിലും അടിയുറപ്പിച്ചതായിരിക്കണം. അത് നിരന്തരം സത്യം അന്വേഷിക്കുന്നതുമായിരിക്കണം.[6] ഇത് സാമൂഹികമായ ഒരു സംരംഭവും തുടർപ്രവർത്തനവുമായിരിക്കണം. അതിൽ ഓരോ വ്യക്തിയും ഉത്തരവാദിത്വപൂർവം സ്വന്തം സംഭാവന നല്കുന്നു. പ്രാദേശികവും ദേശീയവും സർവലൗകികവുമായ സമൂഹത്തിന്റെ തലങ്ങളിൽ അങ്ങനെ ചെയ്യണം.

വിശുദ്ധ പോൾ 6–ാമൻ ചൂണ്ടിക്കാണിച്ചതുപോലെ സമത്വത്തിനും, ഭാഗഭാഗിത്വത്തിനുമുള്ള ഈ രണ്ട് ആഗ്രഹങ്ങൾ ജനാധിപത്യപരമായ സമൂഹത്തെ വളർത്താൻ പരിശ്രമിക്കുന്നു. സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള ഒരു വിദ്യാഭ്യാസം വേണമെന്ന് ഇത് ആവശ്യപ്പെടുന്നു. അത് ഓരോ മനുഷ്യന്റെയും അവകാശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതായിരിക്കരുത്. അത് പരസ്പരബന്ധമുള്ളതുമായിരിക്കണം: മറ്റുള്ളവരോടുള്ള അവന്റെയോ അവളുടെയോ കടമകൾക്കൂടി ഉൾക്കൊള്ളുന്നതായിരിക്കണം. കടമയെപ്പറ്റിയുള്ള ബോധവും പ്രയോഗവും ആത്മനിയന്ത്രണത്തിനുള്ള കഴിവിനാൽ വ്യവസ്ഥാപിതമാകുന്നു. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സ്വാതന്ത്ര്യത്തിനുമേൽ സ്ഥാപിക്കപ്പെട്ട പരിധികളെയും ഉത്തരവാദിത്വത്തിന്റെ പരിധികളെയും സ്വീകരിക്കുകയെന്നതും അത് ഉൾക്കൊള്ളുന്നു."[7]

സമൂഹത്തിൽത്തന്നെയുള്ള വിഭജനങ്ങൾ സാമൂഹിക അസമത്വത്തിന്റെ വർധനവ് സമഗ്രമാനുഷിക വികസനത്തെ ഉറപ്പുവരുത്തുവാനുള്ള മാർഗങ്ങൾ നിഷേധിക്കൽ എന്നിവ പൊതുനന്മയ്ക്കായുള്ള പരിശ്രമത്തെ അപകടപ്പെടുത്തുന്നു. എന്നാലും വാക്കിന്റെയും സത്യത്തിന്റെയും ശക്തിയെ അടിസ്ഥാ

നപ്പെടുത്തിയിട്ടുള്ള ക്ഷമാപൂർവകമായ പരിശ്രമമുണ്ടാകണം. അത് സഹാനുഭൂതിക്കും സർഗാത്മക ഐക്യദാർഢ്യത്തിനുമുള്ള കൂടുതൽ വലിയ കഴിവിനെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കും.

നമ്മുടെ ക്രൈസ്തവാനുഭവത്തിൽ നാം സ്ഥിരം ക്രിസ്തുവിനെ ഓർമ്മിക്കുന്നു. നാം പരസ്പരം രമ്യതപ്പെടാൻ സ്വന്തം ജീവൻ സമർപ്പിച്ച വ്യക്തിയാണ് ക്രിസ്തു (cf റോമാ 5:6-11). സഭ നീതിപൂർവകമായ സാമൂഹികക്രമത്തിനുവേണ്ടിയുള്ള നിരന്തരം അന്വേഷണത്തിൽ പങ്കുചേരുന്നു. പൊതുനന്മയ്ക്കായുള്ള തന്റെ സേവനം അവൾ തുടർന്നുകൊണ്ടിരിക്കുന്നു. സമാധാനത്തെക്കുറിച്ചുള്ള പ്രത്യാശ വർധിപ്പിക്കാനും അപ്രകാരം ചെയ്യുന്നു. ക്രൈസ്തവമൂല്യങ്ങൾ പകർന്നു നല്കിക്കൊണ്ടും ധാർമ്മിക പ്രബോധനം നടത്തിക്കൊണ്ടും സാമൂഹികവും വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾകൊണ്ടും അങ്ങനെ ചെയ്യുന്നു.

**3. സമാധാനം: സഹോദരപരമായ സംസർഗത്തിൽ അനുരഞ്ജനപ്പെടുന്നതിന്റെ ഒരു യാത്ര**

ബൈബിൾ, പ്രത്യേകിച്ച് പ്രവാചകരുടെ വാക്കുകളിൽ, മനുഷ്യവംശവുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെ വ്യക്തികളെയും ജനതകളെയും ഓർമ്മിപ്പിക്കുന്നു. അത് മറ്റുള്ളവരുടെ മേൽ ആധിപത്യം ഉറപ്പിക്കാനുള്ള ആഗ്രഹം ഉപേക്ഷിക്കുന്നു. പരസ്പരം വ്യക്തികളായി കാണാൻ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പുത്രീപുത്രന്മാരായി, സഹോദരീസഹോദരന്മാരായി കാണാൻ പഠിപ്പിക്കുന്നു. മറ്റുള്ളവരെ അവർ പറഞ്ഞതും പ്രവർത്തിച്ചതും മൂലം നിസ്സാരക്കാരാക്കരുത്. അവരുടെ വാഗ്ദാനംമൂലം അവരെ വിലമതിക്കണം. ബഹുമാനത്തിന്റെ പാത തിരഞ്ഞെടുത്തുകൊണ്ടു മാത്രമേ പ്രതികാരത്തെ തകർക്കാനും പ്രത്യാശയുടെ യാത്രതുടങ്ങാനും നമുക്കു കഴിയുകയുള്ളൂ.

പത്രോസും യേശുവും തമ്മിൽ നടത്തിയ സംഭാഷണം വിവരിക്കുന്ന സുവിശേഷഭാഗത്താൽ നാം നയിക്കപ്പെടുന്നു. "കർത്താവേ. എനിക്കെതിരേ പാപം ചെയ്യുന്ന എന്റെ സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? യേശു അവനോടു പറഞ്ഞു: ഏഴെന്നല്ല ഏഴ് എഴുപതു പ്രാവശ്യമെന്നു ഞാൻ നിന്നോടു പറയുന്നു" (മത്താ 18:21-22). അനുരഞ്ജനത്തിന്റെ ഈ പാത ഒരു ആഹ്വാനമാണ്. ക്ഷമിക്കാനുള്ള ശക്തിയും പരസ്പരം സഹോദരീസഹോദരന്മാരായി അംഗീകരിക്കാനുള്ള കഴിവും നമ്മുടെ ഹൃദയാന്തർഭാഗത്ത് കണ്ടെത്താനുള്ള ആഹ്വാനമാണത്. മാപ്പു നല്കി ജീവിക്കാൻ നാം പഠിക്കുമ്പോൾ സമാധാനത്തിന്റെ സ്ത്രീപുരുഷന്മാരായിത്തീരാനുള്ള നമ്മുടെ ശക്തിയിൽ നാം വളരുന്നു.

സാമൂഹിക സാഹചര്യത്തിൽ സമാധാനത്തെപ്പറ്റി സത്യമായിട്ടുള്ളത് രാഷ്ട്രീയത്തിന്റെയും സാമ്പത്തികശാസ്ത്രത്തിന്റെയും മണ്ഡലങ്ങളെ സംബന്ധിച്ചും സത്യമാണ്. എന്തെന്നാൽ പൊതുവേ ജീവിതത്തിന്റെ എല്ലാ മാനങ്ങളിലും സമാധാനം പ്രവേശിക്കുന്നു. കൂടുതൽ നീതിപൂർവകമായ സാമ്പത്തികശാസ്ത്രം വികസിപ്പിക്കാനുള്ള കഴിവു നാം കാണിച്ചില്ലെങ്കിൽ യഥാർത്ഥ സമാധാനമുണ്ടാവുകയില്ല. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പത്തുവർഷം മുമ്പ് *സത്യത്തിൽ സ്നേഹം* എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ "അവികസിതാവസ്ഥയെ കീഴടക്കുന്നതിന് വിനിമയത്തിന്റെ അടിസ്ഥാനത്തിലുള്ള ഇടപാടുകളെ മെച്ചപ്പെടുത്തുകയും പൊതുക്ഷേമസംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യാനുള്ള നടപടി മാത്രം പോരാ. പിന്നെയോ, സർവോപരി, സൗജന്യത്തിന്റെയും കൂട്ടായ്മയുടെയും ഓഹരികളുള്ള സാമ്പത്തിക പ്രവർത്തനത്തിന്റെ രൂപങ്ങളിലേക്ക് ആഗോളതലത്തിലുള്ള തുറവ് ക്രമേണ ഉണ്ടാകുകയും വേണം" (നമ്പർ 39).

**4.സമാധാനം: പരിസ്ഥിതിപരമായ മാനസാന്തരത്തിന്റെ യാത്ര**

"നമ്മുടെ തത്ത്വങ്ങളെപ്പറ്റി നമുക്കു തെറ്റിധാരണയുണ്ടായിരിക്കുകയും അത് പ്രകൃതിയെ ദുരുപയോഗിക്കുന്ന പ്രവൃത്തി നീതിമത്കരിക്കാനും പ്രകൃതിയുടെ മേൽ സ്വേഛാധിപത്യം പ്രയോഗിക്കാനും യുദ്ധത്തിലും അനീതിയിലും അക്രമത്തിലും ഏർപ്പെടാനും ഇടയാക്കിയെങ്കിൽ, അതിനെയെല്ലാം നീതിമത്കരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, വിശ്വാസികളായ നാം ഒരു കാര്യം അംഗീകരിക്കണം. അതായത് സംരക്ഷിക്കാനും സൂക്ഷിക്കാനും നമുക്കു കടമയുണ്ട്. ജ്ഞാനത്തിന്റെ നിക്ഷേപങ്ങളോട് നമ്മൾ വിശ്വസ്തരായിരുന്നില്ലെന്ന് അംഗീകരിക്കണം."[8]

മറ്റുള്ളവരോടുള്ള നമ്മുടെ ശത്രുതയും നമ്മുടെ പൊതുഭവനത്തോടുള്ള ബഹുമാനക്കുറവും അല്ലെങ്കിൽ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച ദുരുപയോഗപരമായ ചൂഷണവും - പെട്ടെന്ന് ലാഭം കിട്ടാനുള്ള ഉറവിടം മാത്രമായി, പ്രാദേശിക സമൂഹങ്ങളെയും പൊതുനന്മയെയും പ്രകൃതിയെതന്നെയും പരിഗണിക്കാതെ ചെയ്യുന്ന ചൂഷണവും- മൂലം നമുക്ക് പരിസ്ഥിതിപരമായ മാനസാന്തരം ആവശ്യമാണ്. പാൻആമസോൺ പ്രദേശത്തെക്കുറിച്ച് അടുത്തകാലത്ത് ഒരു സിനഡു നടന്നു. അത് സമൂഹങ്ങളും ഭൂമിയും തമ്മിലും വർത്തമാനകാലവും ഭൂതകാലവും തമ്മിലും അനുഭവവും പ്രത്യാശയും തമ്മിലും സമാധാനപൂർണമായ ബന്ധം സ്ഥാപിക്കാനുള്ള നിർബന്ധപൂർവകവും നവീനവുമായ ആഹ്വാനം നടത്താൻ നമ്മെ പ്രേരിപ്പിക്കുന്നു.

അനുരഞ്ജനത്തിന്റെ ഈ യാത്ര ഒരു കാര്യം കൂടി ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ പൊതുഭവനമാകാൻ ദാനമെന്ന നിലയിൽ നമുക്ക് ദൈവം തന്ന

ലോകത്തെ കേൾക്കുകയും ധ്യാനിക്കുകയും ചെയ്യുകയെന്ന കാര്യമാണത്. യഥാർത്ഥത്തിൽ പ്രകൃതി വിഭവങ്ങൾ ജീവിതത്തിന്റെ അനേകം രൂപങ്ങളും, ഭൂമിതന്നെയും, "ഉഴുകാനും സൂക്ഷിക്കാനും" (ഉത്പ 1:15) വേണ്ടി നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. ഭാവിതലമുറകൾക്കുവേണ്ടിയും, ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വപൂർണവും ക്രിയാത്മകവുമായ പങ്കെടുക്കലിനുവേണ്ടിയും നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. നാം ചിന്തിക്കുന്നതിന്റെയും വസ്തുക്കളെ നാം കാണുന്നതിന്റെയും രീതി മാറ്റുക ആവശ്യമാണ്. മറ്റുള്ളവരോട് ഇടപെടുന്നതിലും സൃഷ്ടിയാകുന്ന ദാനം - അതിന്റെ സ്രഷ്ടാവിന്റെ സൗന്ദര്യവും ജ്ഞാനവും പ്രതിഫലിക്കുന്ന സൃഷ്ടിയാകുന്ന ദാനം- സ്വീകരിക്കുന്നതിലും കൂടുതൽ തുറവിയുള്ളവരാകണം.

ഇതെല്ലാം നമുക്കു നല്കുന്നത് കൂടുതൽ ആഴമുള്ള ലക്ഷ്യബോധവും നമ്മുടെ പൊതുഭവനത്തിൽ വസിക്കാനുള്ള ഒരു പുതിയ മാർഗവും നമ്മുടെ വ്യത്യാസങ്ങൾ അംഗീകരിക്കാനും നാം സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ജീവിതത്തെ ആദരിക്കാനും ആഘോഷിക്കാനുമുള്ള കടമയുമാണ്. ജീവന്റെ തുടർന്നുള്ള പുഷ്പിക്കലിനെയും മുഴുവൻ മനുഷ്യവംശത്തിന്റെയും പൊതുനന്മയുടെ വികസനത്തെയും അനുകൂലിക്കുന്ന ജീവിതാവസ്ഥകളും സമൂഹത്തിന്റെ മാതൃകകളും അന്വേഷിക്കാനുമുള്ള കടമയുമാണ്.

നാം അഭ്യർത്ഥിക്കുന്ന പരിസ്ഥിതിപരമായ മാനസാന്തരം ജീവനെ നോക്കിക്കാണുന്നതിനുള്ള പുതിയൊരു രീതിയിലേക്ക് നമ്മെ നയിക്കും. നമുക്ക് ഭൂമി നല്കിയ സ്രഷ്ടാവിന്റെ ഉദാരത പരിഗണിക്കുമ്പോൾ സന്തോഷത്തോടും മിതത്വത്തോടുംകൂടി ഭൂമി പങ്കിട്ട് അനുഭവിക്കാൻ നല്കിയ സ്രഷ്ടാവിന്റെ ഉദാരത തന്നെ. ഈ മാനസാന്തരം സമഗ്രമായ രീതിയിൽ മനസ്സിലാക്കണം. ഒരു രൂപാന്തരീകരണമായി മനസ്സിലാക്കണം നമ്മുടെ സഹോദരീസഹോദരന്മാരോടും മറ്റു ജീവജാലങ്ങളോടും സമ്പന്നമായ വൈവിധ്യമുള്ള സൃഷ്ടിയോടും ജീവന്റെയെല്ലാം ഉത്പത്തിയും ഉറവിടവുമായ സ്രഷ്ടാവിനോടും നാം എങ്ങനെ ബന്ധപ്പെടുന്നുവെന്നു മനസ്സിലാക്കണം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ആവശ്യമാണ്: "യേശുക്രിസ്തുവിനോടുള്ള അവരുടെ കണ്ടുമുട്ടലിന്റെ ഫലങ്ങൾ അവർക്കു ചുറ്റുമുള്ള ലോകവുമായുള്ള അവരുടെ ബന്ധങ്ങളിൽ പ്രകടമാകണം."[9]

**5. "നാം പ്രത്യാശിക്കുന്നതെല്ലാം നമുക്കു ലഭിക്കുന്നു"[10]**

അനുരഞ്ജനത്തിനുള്ള യാത്ര ക്ഷമയെയും വിശ്വാസത്തെയും ആവശ്യപ്പെടുന്നു. സമാധാനത്തിനായി പ്രത്യാശിച്ചില്ലെങ്കിൽ സമാധാനം ലഭിക്കുകയില്ല.

ഒന്നാമതായി, ഇതിന്റെ അർത്ഥം സമാധാനത്തിനുള്ള സാധ്യതയിൽ

വിശ്വസിക്കുകയെന്നതാണ്. നമുക്ക് ആവശ്യമായിരിക്കുന്നതുപോലെ മറ്റുള്ള വർക്കും സമാധാനം ആവശ്യമാണെന്ന് വിശ്വസിക്കണം. ദൈവത്തിന് നമ്മിൽ ഓരോരുത്തരോടുമുള്ള സ്നേഹത്തിൽ നമുക്ക് പ്രചോദനം കണ്ടെത്താനാ വും. സ്വതന്ത്രമാക്കുന്നതും അതിരുകളില്ലാത്തതും വിശ്രമമില്ലാത്തതുമായ സ്നേഹത്തിൽത്തന്നെ.

ഭയം മിക്കപ്പോഴും സംഘട്ടനത്തിന്റെ ഒരു ഉറവിടമാണ്. അതുകൊണ്ട് നാം മാനുഷികഭയങ്ങളെ കീഴടക്കുകയെന്നത് സുപ്രധാന കാര്യമാണ്. നമ്മെ സ്നേഹിക്കുകയും ധൂർത്തപുത്രനെ കാത്തിരുന്ന പിതാവിനെപ്പോലെ (ലൂക്കാ 15:11–24) നമ്മെ കാത്തിരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ കണ്ണുകളിൽ നാം ആവശ്യങ്ങളുള്ള മക്കളാണെന്ന് അംഗീകരിക്കുകയെന്നതും സുപ്രധാന കാര്യ മാണ്. സഹോദരപരമായ കണ്ടുമുട്ടലിന്റെ സംസ്കാരം സംഘട്ടനത്തിന്റെ സംസ്കാരത്തെ തകർക്കുന്നു. അത് ഓരോ കണ്ടുമുട്ടലിനെയും സംബന്ധിച്ച് ദൈവത്തിനുള്ള ഉദാരതനിറഞ്ഞ സ്നേഹത്തിന്റെ ഒരു സാധ്യതയും ഒരു സമ്മാനവുമാണ്. അത് ഇടുങ്ങിയ ചക്രവാളങ്ങളുടെ അതിരുകൾക്കപ്പുറ ത്തേക്കു നമ്മെ നയിക്കുന്നു. ഒരേ സ്വർഗീയപിതാവിന്റെ മക്കൾ എന്ന നില യിൽ സാർവത്രിക സാഹോദര്യത്തിന്റെ ചൈതന്യത്തിൽ ജീവിക്കാൻ നമ്മെ നിരന്തരം പ്രോത്സാഹിപ്പിക്കുന്നു.

ക്രിസ്തുവിന്റെ അനുയായികളെ സംബന്ധിച്ചിടത്തോളം ഈ യാത്ര, മാമ്മോദീസ സ്വീകരിച്ചവരുടെ പാപങ്ങളുടെ മോചനത്തിനായി കർത്താവു നല്കിയ അനുരഞ്ജനകൂദാശയാൽ താങ്ങി നിറുത്തപ്പെടുന്നു. സഭയുടെ ഈ കൂദാശ വ്യക്തികളെയും സമൂഹങ്ങളെയും നവീകരിക്കുന്നു. യേശുവിനെ നോക്കിക്കൊണ്ടിരിക്കാൻ നമ്മോടു കല്പിക്കുകയും ചെയ്യുന്നു. “സ്വർഗ ത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാ ധാനം സ്ഥാപിക്കുകയും ചെയ്തു”(കൊളോ 1:20). നമ്മുടെ അയല്ക്കാർക്ക് എതിരായോ ദൈവത്തിന്റെ സൃഷ്ടിക്ക് എതിരായോ ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള ഓരോ അക്രമപ്രവർത്തനത്തെയും മാറ്റിവയ്ക്കാൻ ഇത് നമ്മോട് ആവശ്യപ്പെടുന്നു.

നമ്മുടെ പിതാവായ ദൈവത്തിന്റെ കൃപ വ്യവസ്ഥകളില്ലാത്ത സ്നേഹ മെന്നപോലെ നമ്മിലേക്ക് ചൊരിയപ്പെട്ടു. ക്രിസ്തുവിൽ അവിടത്തെ പൊറുതി സ്വീകരിച്ച നാം നമ്മുടെ കാലത്തെ സ്ത്രീപുരുഷന്മാർക്ക് സമാധാനം നല്കാൻ നമുക്കു പുറപ്പെടാം. ഓരോ ദിവസവും പരിശുദ്ധാത്മാവ് നമ്മെ നീതിയുടെയും സമാധാനത്തിന്റെയും സ്രഷ്ടാക്കളാക്കാൻ കഴിയുന്ന വിധ ത്തിൽ ചിന്തിക്കാനും സംസാരിക്കാനുമുള്ള മാർഗങ്ങൾ പരിശുദ്ധാത്മാവ്

അനുദിനം നമ്മിൽ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

സമാധാനത്തിന്റെ ദൈവം നമ്മെ ആശീർവദിക്കുകയും നമ്മെ സഹായിക്കാൻ വരുകയും ചെയ്യട്ടെ.സമാധാനത്തിന്റെ രാജകുമാരിയും ഭൂമിയിലെ സർവജനതകളുടെയും മാതാവുമായ മറിയം അനുരഞ്ജനത്തിനുള്ള നമ്മുടെ യാത്രയിൽ ഓരോ അടിയും നടക്കാൻ നമ്മോടൊപ്പമുണ്ടായിരിക്കുകയും നമ്മെ താങ്ങി നിറുത്തുകയും ചെയ്യട്ടെ.

ഈ ലോകത്തിലേക്കു വരുന്ന എല്ലാ സ്ത്രീപുരുഷന്മാരും സമാധാനത്തിന്റെ ജീവിതം അനുഭവിക്കട്ടെ. അവർ അവരുടെ ഹൃദയങ്ങളിൽ നിവസിക്കുന്ന ജീവന്റെയും സ്നേഹത്തിന്റെയും വാഗ്ദാനം പൂർണമായി വികസിപ്പിക്കട്ടെ.

വത്തിക്കാനിൽ നിന്ന്
8 ഡിസംബർ 2019
ഫ്രാൻസിസ് മാർപാപ്പാ

## കച്ചേരിക്കാര്യം

### 1. പുതിയ നിയമനങ്ങൾ

ബഹു. വൈദികർ:

| | | |
|---|---|---|
| മാത്യു തടത്തിൽ | : | ഡയറക്ടർ, Calicut Advanced Centre for Mental-health-care and Psychotherapy (CAMP), വേനപ്പാറ |
| ഐക്കരമറ്റം സെബാസ്റ്റ്യൻ OFM Cap. | : | അസി. വികാരി, ചക്കിട്ടപാറ |
| കരിയിൽ മാത്യു OFM Cap. | : | അസി. വികാരി, തിരുവമ്പാടി |
| പാലയിൽതയ്യിൽ തോമസ് OFM Cap. | : | അസി. വികാരി, പുല്ലൂരാംപാറ |
| തൂമുള്ളിൽ മാത്യു | : | അസി. വികാരി, കുളത്തുവയൽ |
| കടപ്ലാക്കൽ തോമസ് | : | അസി. വികാരി, തോട്ടുമുക്കം |

### 2. സീറോ മലബാർ പ്രേഷിതവാരം, പ്രേഷിത ഞായർ പ്രത്യേക പിരിവ്

2020 ജനുവരി 6-ാം തീയതി മുതൽ 12-ാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാനും പരിചയപ്പെടുവാനും ഉതകുന്ന രീതിയിൽ പരിപാടികൾ ക്രമീകരിക്കേണ്ടതാണ്.

2020 ജനുവരി 12-ാം തീയതി സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി വി. കുർബാനമദ്ധ്യേ പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിക്കുകയും സഭയുടെ മിഷൻ ഓഫീസിലേയ്ക്ക് നൽകുന്നതിനായി രൂപതാകേന്ദ്രത്തിൽ ഈ തുക ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 3. സഭൈക്യവാരം

2020 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി ആചരിക്കുന്നു. സഭകളുടെ ഐക്യം ഫലപ്രദമായ സുവിശേഷ പ്രഘോഷണത്തിന് ആവശ്യമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഐക്യത്തോടും ഉപവിയോടും കൂടി പ്രവർത്തിക്കാനുള്ള സാഹചര്യം രൂപീകരിക്കുന്നതിന് ഈ ആഴ്ചയിൽ പ്രത്യേകം പ്രാർത്ഥിക്കാൻ ദൈവജനത്തെ ബഹു. വികാരിച്ചന്മാർ ഓർമ്മിപ്പിക്കേണ്ടതാണ്.

### 4. ജൂനിയർ ക്ലർജി സെമിനാർ

ഈ വർഷത്തെ ജൂനിയർ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് നടത്തുന്നു. 2020 ജനുവരി 21-ാം തീയതി വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 23-ാം തീയതി രാത്രി അത്താഴത്തോടെ സമാപിക്കുന്നതാണ്. 2019 ഡിസംബർ ലക്കം താമരമൊട്ടുകളിൽ പേര് നൽകിയിട്ടുള്ള ബഹു. വൈദികർ എല്ലാവരും സെമിനാറിൽ സംബന്ധിക്കേണ്ടതാണ്.

### 5. പ്രസ്ബിറ്ററൽ കൗൺസിൽ

താമരശ്ശേരി രൂപതയുടെ പത്താമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആറാമത് സമ്മേളനം 2020 ഫെബ്രുവരി 25 ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ നടത്തപ്പെടുന്നു. ബഹു. അംഗങ്ങളെല്ലാവരും യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

### 6. നവവൈദികരുടെ സംഗമം

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരുടെയും ഒരു കൂടിച്ചേരൽ ജനുവരി മാസം 6-ാം തീയതി തിങ്കളാഴ്ച താമരശ്ശേരി രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയ്ക്കുവേണ്ടിയും മറ്റ് രൂപതകൾക്കുവേണ്ടിയും സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിച്ച എല്ലാവരും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### 7. കുടുംബനവീകരണ വർഷം 2020 ജനുവരി - പ്രോഗ്രാം


1. ഇടവകയിലെ വിശുദ്ധ കുർബാനയിൽ കുടുംബങ്ങളെ സമർ പ്പിച്ച് പ്രാർത്ഥിക്കുന്നു.
2. കുടുംബ പ്രാർത്ഥന ഏകീകൃത സമയം (7.00 pm to 9.00 pm)
3. Mobile & TV free One Hour (Prayer & Dinner)

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 06-01-1979 | - | റവ. ഫാ. ജോസഫ് പരിയാരം |
| 10-01-1994 | - | റവ. ഫാ. ഫൗസ്റ്റിൻ സി.എം.ഐ. |
| 18-01-1960 | - | റവ. ഫാ. കെറൂബിൻ സി.എം.ഐ. |
| 18-01-1989 | - | റവ. ഫാ. ബെർനാർഡിൻ സി.എം.ഐ. |
| **21-01-2016** | **-** | **റവ. ഫാ. ജോസഫ് മൈലാടൂർ** |
| 31-01-1986 | - | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**

## സ്നേഹസ്മരണയ്ക്ക്




## THE MEMBERS OF THE EPARCHIAL ADMINISTRATIVE TRIBUNAL

| | | | |
|---|---|---|---|
| 1. | Rev. Fr. Abraham Vayalil | - | Judicial Vicar - Convener |
| 2. | Rev. Fr. Thomas Puthiyaparambil | - | Memeber |
| 3. | Dr. K.V. Chacko Kalamparambil | - | Member |
| 4. | Adv. Thadathil Joseph Abraham | - | Member |
| 5. | Mr. Benny Luckose Moozhikuzhiyil | - | Member |
| 6. | Mrs. Deepa Reji Nelliyakunnel | - | Member |
| 7. | Sr. Jinu MSJ | - | Member |

## THE MEMBERS OF THE PUBLIC RELATION OFFICE

1. Rev. Fr. Mathew Kollamparambil - Convener
2. Rev. Fr. Joseph Kalarickal - Member
3. Dr. K.V. Chacko Kalamparambil - Member

## THE MEMBERS OF THE COMMITTEE OF CENSOR OF BOOKS

1. Rev. Dr. James Kiliyananiyil
2. Rev. Dr. Jose Vadakkedom
3. Rev. Dr. Siby Kurian Pulickal
4. Rev. Dr. Thomas Kalarickal

## THE INTERNAL AUDITORS

1. Rev. Fr. James Vamattathil
2. Rev. Fr. Kuriakose Mukalayil
3. Mr. Johnson Poovathinkal

## THE MEMBERS OF THE CONSTRUCTION COMMITTEE

1. Msgr. John Oravumkara
2. Rev. Fr. Mathew Pulimoottil
3. Rev. Fr. George Mundanattu
4. Rev. Fr. Thomas Poriyath
5. Rev. Fr. Abraham Valloppilly
6. Mr. Visal Malapravanal

## THE MEMBERS OF THE PERSONAL BOARD

1. Msgr. John Oravumkara
2. Rev. Fr. George Mundanattu
3. Rev. Fr. Thomas Nagaparambil
4. Rev. Fr. Sebastian Purayidathil
5. Rev. Fr. Jacob Areethara

## രൂപതാ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഭരണനിർവ്വഹണ സമിതികൾ (Governing Body)

നമ്മുടെ രൂപതയിലെ സ്ഥാപനങ്ങൾക്കും സംഘടനകൾക്കു വേണ്ടി ഗവേണിങ് ബോഡികൾ രൂപീകരിച്ചിരിക്കുന്നു. ഈ സമിതി കൾ വർഷത്തിൽ നാലു തവണ യോഗം ചേരേണ്ടതാണ്. യോഗ ത്തിൽ, തൊട്ടുമുമ്പുള്ള മൂന്നു മാസങ്ങളിലെ കണക്കും (വിശദമായ നാൾവഴി) പ്രവർത്തന റിപ്പോർട്ടും അവതരിപ്പിക്കണം. തുടർന്നു വരുന്ന മൂന്നു മാസത്തേക്കുള്ള പ്രവർത്തന

പദ്ധതിയും ബജറ്റും അവതരിപ്പിച്ച് അംഗീകാരം വാങ്ങണം. 2020 ജനുവരി 1 ൽ പുതിയ ഭരണനിർവ്വഹണ സമിതികൾ നിലവിൽ വരുന്നതാണ്.

| | | | |
|---|---|---|---|
| 1. | **AKCC** | : Msgr. John Oravunkara | |
| | | Fr. Sebastian Chembukandathil | Convenor |
| | | Fr. George Vellackakudiyil | |
| | | Fr. Scaria Mangarayil | |
| | | Fr. Jacob Puthenpurackal | |
| 2. | **Catechism** | : Fr. George Mundanatt | |
| | | Fr. Joseph Vadakkel | Convenor |
| | | Fr. Abraham Kocheelath | |
| | | Fr. John Pallickavayalil | |
| | | Fr. Joseph Chundayil | |
| 3. | **Bible Apostolate** | : Msgr. John Oravunkara | |
| | | Fr. Thomas Chilampikunnel | Convenor |
| | | Fr. Philip Chakkummoottil | |
| | | Fr. Johnson Nandalath | |
| | | Fr. Thomas Kadaplackal | |
| 4. | **CML** | : Fr. George Mundanatt | |
| | | Fr. Augustine Vamattathil | Convenor |
| | | Fr. Thomas Thevadiyil | |
| | | Fr. Kuriakose Thayyil | |
| | | Fr. Zacharias Nedumala | |
| 5. | **KCYM** | : Msgr. John Oravunkara | |
| | | Fr. George Vellackakudiyil | Convenor |
| | | Fr. Kurian Thannickal | |
| | | Fr. Antony Chennikara | |
| | | Fr. Mathew (Sabin) Thoomullil | |
| 6. | **COD** | : Fr. Mathew Pulimoottil (Sr) | |
| | | Fr. Joseph Mukaleparambil | Convenor |
| | | Fr. George Chemparathickal | |
| | | Fr. Jose Oliakattil | |
| | | Fr. Mathew Nirappel | |
| | | Fr. Joseph Kalarickal | |
| 7. | **Bethania** | : Fr. George Mundanatt | |
| | | Fr. Sebastian Pulickal | Convenor |
| | | Fr. Dominic Kuzhivelil | |
| | | Fr. Thomas Poriyath | |
| | | Fr. Jose Oliakattil | |
| | | Fr. Roni Paul Kavil | |

| | | | |
|---|---|---|---|
| 8. | **Corporate** | : Msgr. John Oravunkara | |
| | | Fr. Sebastian Purayidathil | Convenor |
| | | Fr. Kuriakose Thayyil | |
| | | Fr. Joseph Kalarickal | |
| | | Fr. Thomas Nagaparambil | |
| | | Fr. George Kuttikattu | |
| 9. | **SMM (Mathruvedi)** | : Fr. George Mundanatt | |
| | | Fr. Simon Kizhakkekunnel | Convenor |
| | | Fr. Joseph Kalathil | |
| | | Fr. James Vamattathil | |
| | | Fr. Dominic Thookuzhy | |
| 10. | **Family Apostolate** | : Fr. George Mundanatt | |
| | | Fr. Jose Pennaparambil | Convenor |
| | | Fr. Vincent Kandathil | |
| | | Fr. Abraham Valloppilly | |
| | | Fr. Mathew Pulimoottil (Jr) | |
| 11. | **KLM** | : Fr. Mathew Pulimoottil (Sr) | |
| | | Fr. Jacob Karakunnel | Convenor |
| | | Fr. Mathew Thittayil | |
| | | Fr. Danties Kizhakkarakatt | |
| 12. | **Liturgy** | : Fr. George Mundanatt | |
| | | Fr. Joseph Kalathil | Convenor |
| | | Fr. Johnson Pazhukunnel | |
| | | Fr. Mathew Kulathinkal | |
| 13. | **Media** | : Fr. George Mundanatt | |
| | | Fr. Mathew Kollamparabil | Convenor |
| | | Fr. James Kuzhimattathil | |
| | | Fr. Sebastian Karakkattu | |
| | | Fr. Philip Chakkummoottil | |
| 14. | **Pain & Palliative** | : Fr. George Mundanatt | Convenor |
| | | Fr. Mathew Pulimoottil | |
| | | Fr. Kuriakose Iykolambil | |
| | | Fr. Joseph Manjakazhakunnel | |
| | | Fr. Joseph Kalapurackal | |

| | | | |
|---|---|---|---|
| 15. | **P.P.F** | : Fr. George Mundanatt | Convenor |
| | | Fr. Kuriakose Mukhalayil | |
| | | Fr. Francis Puthiyedath | |
| 16. | **Temperance** | : Msgr. John Oravunkara | |
| | | Fr. Jacob Kappilumakkal | Convenor |
| | | Fr. Thomas Kochukaippel | |
| | | Fr. Augustine Alunkal | |
| | | Fr. Abraham Mazhuvancherry | |
| 17. | **Alpha & START** | : Msgr. John Oravunkara | |
| | | Msgr. Antony Kozhuvanal | Convenor |
| | | Fr. Thomas Puthiyaparambil | |
| | | Fr. Joseph Pulichamakkal | |
| | | Fr. Antony Karikunnel | |
| | | Fr. Abraham Vayalil | |
| | | George Thekkekaramattathil | |
| 18. | **Alphonsa College** | : Msgr. John Oravunkara | |
| | | Fr. Scaria Mangarayil | Convenor |
| | | Fr. Kurian Thannickal | |
| | | Fr. Sebastian Purayidathil | |
| | | Fr. Joseph Thekkumkattil | |
| | | Fr. Jose Mathew Oliakattil | |
| 19. | **Alphonsa School** | : Msgr. John Oravunkara | |
| | | Fr. Kuriakose Thayyil | Convenor |
| | | Fr. Kuriakose Mukalayil | |
| | | Fr. Sebastian Purayidathil | |
| | | Fr. Joseph Palakkatt | |
| | | Fr. Thomas Nagaparambil | |
| 20. | **Alphonsa Seminary** | : Msgr. John Oravunkara | |
| | | Fr. Abraham Kocheelath | Convenor |
| | | Fr. Jacob Areethara | |
| | | Fr. Mathew Mavely | |
| | | Fr. Sebastian Purayidathil | |
| | | Fr. Abraham Valloppilly | |
| 21. | **PMOC** | : Fr. Mathew Pulimoottil | |
| | | Fr. George Kalappurackal | Convenor |
| | | Fr. Rony Paul Kavil | |
| | | Fr. Mathew Kollamparambil | |
| | | Fr. Jose Vadakkedom | |

| | | | |
|---|---|---|---|
| 22. | **Priest Home** | : Fr. George Mundanatt | |
| | | Fr. Mathew Pulimoottil | |
| | | Fr. Jose Pennaparambil | |
| | | Fr. George Kalathoor | Convenor |
| | | Fr. George Kalapurckal | |
| 23. | **Pope JP II** | : Msgr. John Oravunkara | |
| | | Fr. George Mundanatt | |
| | | Fr. Mathew Pulimoottil | |
| | | Fr. Kurian Puramadathil | Convenor |
| 24. | **Pope Benedict** | : Msgr. John Oravunkara | |
| | | Fr. George Mundanatt | |
| | | Fr. Mathew Pulimoottil | |
| | | Fr. Thomas Kalarickal | Convenor |
| 25. | **Manomaya** | : Msgr. John Oravunkara | |
| | | Fr. George Mundanatt | |
| | | Fr. Mathew Pulimoottil | |
| | | Fr. Wilson Muttathukunnel | Convenor |
| 26. | **Karuna Hostel** | : Msgr. John Oravunkara | |
| | | Fr. George Mundanatt | |
| | | Fr. Mathew Pulimoottil | |
| | | Fr. Thomas Parankulangara | Convenor |
| | | Fr. Philip Chakkummottil | |
| 27. | **Karunabhavan** | : Msgr. John Oravunkara | |
| | | Fr. George Mundanatt | |
| | | Fr. Mathew Pulimoottil | |
| | | Fr. Jose Vadakkedom | Convenor |
| | | Fr. James Kuzhimattathil | |
| | | Fr. Simon Kizhakkekunnel | |
| 28. | **DEEP & OASIS** | : Msgr. John Oravunkara | |
| | | Fr. George Mundanatt | |
| | | Fr. Mathew Pulimoottil | |
| | | Fr. Kurian Thalachirakuzhy | Convenor |
| 29. | **Vocation Bureau** | : Msgr. John Oravunkara | |
| | | Fr. Jacob Areethara Convenor | |
| | | Fr. George Vellackakudiyil | |

| | | | |
|---|---|---|---|
| | | Fr. George Vellaramkalayil | |
| | | Fr. Scaria Thundathil | |
| 30. | **Holy Childhood** | : Fr. Mathew Pulimoottil | Convenor |
| | | Fr. Chacko Mundackal | |
| | | Fr. Chacko Kothanickal | |
| 31 | **Altar Service** | : Msgr. John Oravunkara | |
| | | Fr. Jacob Areethara | Convenor |
| | | Fr. George Vellaramkalayil | |
| | | Fr. Scaria Thundathil | |
| 32. | **Deepika** | : Fr. George Mundanatt | |
| | | Fr. Thomas Parankulangara | Convenor |
| | | Fr. Dominic Thoomkuzhy | |
| | | Fr. Abraham Vayalil | |
| | | Fr. Joseph Kalarickal | |
| | | Fr. Jose Vadakkedom | |
| | | Fr. Mathew Peruvelil | |
| 33. | **INFARM** | : Fr. George Mundanatt | |
| | | Msgr. Antony Kozhuvanal | Convenor |
| | | Fr. Kuriakose Iykolambil | |
| | | Fr. James Vamattathil | |
| 34 | **Renewal Programmes** | : Msgr. John Oravunkara | |
| | | Fr. Simon Valloppilly | Convenor |
| | | Fr. Sebastian Pulickal | |
| | | Fr. John Pallickavayalil | |
| | | Fr. Sebastian Pattassery | |
| 35. | **Family Units** | : Fr. George Mundanatt | |
| | | Fr. Augustine Vamattathil | Convenor |
| | | Fr. Jacob Kappilumakkal | |
| | | Fr. George Mundackal | |
| | | Fr. Zacharias Nedumala | |
| 36. | **Pro-Life** | : Fr. George Mundanatt | |
| | | Fr. Jose Pennaparambil | Convenor |
| | | Fr. Mathew Thadathil | |
| | | Fr. George Kalathoor | |

# ആദരാഞ്ജലികൾ

## ബഹു. ജോസഫ് പൈകടയച്ചൻ CMI



ദേവഗിരി സെന്റ് ജോസഫ്സ് ഇടവകയുടെ മുൻ വികാരിയും സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളേജിന്റെ മാനേജരും കോഴിക്കോട് സർവകലാശാലയുടെ സെനറ്റ് മെമ്പറുമായിരുന്ന ഫാദർ ജോസഫ് പൈകട സി.എം.ഐ (83) ഡിസംബർ 20-ാം തിയ്യതി വെള്ളിയാഴ്ച വൈകീട്ട് 8.30 ന് ഹൃദയാഘാതത്തെ തുടർന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഡിസംബർ 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കോഴിക്കോട് ദേവഗിരിയിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

പാലാ ഇടമറുകിൽ 1936 ആഗസ്റ്റ് 30-ാം തിയ്യതി ജനനം. ജോസഫും മറിയവും മാതാപിതാക്കൾ. ദീപിക ദിനപത്രത്തിന്റെ മുൻ ചീഫ് എഡിറ്റർ ഫാദർ അലക്സാണ്ടർ പൈകട സഹോദരനാണ്.

1963 മെയ് 17 ന് പൗരോഹിത്യം സ്വീകരിച്ചശേഷം ബഹുമാനപ്പെട്ട പൈകടയച്ചൻ കോട്ടയം സി.എം.എസ്കോളേജ്, ചെന്നൈ ലയോള കോളേജ്എന്നിവിടങ്ങളിൽ ഉന്നത പഠനം നടത്തിയശേഷം 1970 മുതൽദേവഗിരിസെന്റ്ജോസഫ് കോളേജിൽ ഹിസ്റ്ററി അധ്യാപകനായി. 1981 മുതൽ അച്ചൻ ദേവഗിരി ആശ്രമത്തിന്റെ പ്രിയോരായും ഇടവകവികാരിയായും ദേവഗിരി സ്ഥാപനങ്ങളുടെ മാനേജരായും സേവനം ചെയ്തു. 1982 മുതൽ 1989 വരെ കോളേജ് പ്രിൻസിപ്പലായിരുന്നു. വിരമിച്ചശേഷം 1989 മുതൽ ജോസഫ് പൈകടയച്ചൻ ജമ്മു കാശ്മീർ മിഷ്യൻ തന്റെ പ്രവർത്തന രംഗമായി സ്വീകരിച്ച് വിദ്യാഭ്യാസ അജപാലന രംഗങ്ങളിൽ പൂർണ്ണ ശ്രദ്ധ പതിപ്പിച്ചു.

23 വർഷത്തെ ഇടവേളയ്ക്ക്ശേഷം അച്ചൻ വീണ്ടും ദേവഗിരിയിൽ തിരികെ എത്തി. 2011 ൽ ദേവഗിരിസെന്റ്ജോസഫ് ആശ്രമത്തിന്റെ പ്രിയോരായും ദേവഗിരി സ്ഥാപനങ്ങളുടെ മാനേജരായും ഇടവകയുടെ വികാരിയായും പൈകടയച്ചൻ നിയമിതനായി. ദേവഗിരി സെന്റ്ജോസഫ് ഇടവകയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കായും അച്ചൻ കഠിനാദ്ധ്വാനം ചെയ്തു.

ഒരു നല്ല ഇടയന്റെ കരുണയും, കരുതലും, സ്നേഹവും, ക്ഷമയും, സൗമ്യതയും, ആത്മീയതയും നിറഞ്ഞു നിന്നിരുന്ന പൈകടയച്ചൻ വിദ്യാഭ്യാസ-അജപാലന ശുശ്രൂഷകളിൽ നമുക്ക് സവിശേഷ മാതൃകയായിരുന്നു. കാര്യ

ക്ഷമത, പൊതുജനസ്വീകാര്യത, ദൈവഭക്തി, കൂട്ടായ പരിശ്രമം, നിശ്ചയദാർഢ്യം, സ്ഥിരോത്സാഹം, കഠിനാധ്വാനം തുടങ്ങിയ അനേക ഗുണങ്ങളുടെ നിറവ് അച്ചനിലുണ്ടായിരുന്നു. അംഗീകാരത്തിനും വിജയത്തിനും ആർഭാടത്തിനും വേണ്ടി ലോകം നെട്ടോട്ടമോടുമ്പോൾ അകക്കാമ്പിനും അനുകമ്പയ്ക്കും ആർദ്ര തയ്ക്കുംവേണ്ടി നിലകൊണ്ട ജോസഫ് പൈകടയച്ചനെയാണ് ദേവഗിരിയിൽ നമുക്ക് കാണാൻ കഴിഞ്ഞത്.

പരിചയ സമ്പന്നമായ ദേവഗിരി കോളേജിൽ നിന്നും മാറി ജമ്മു കാശ്മീർ മിഷൻ ഏറ്റെടുത്ത അച്ചൻ വലിയൊരു സാഹസിക മുന്നേറ്റമാണ് നടത്തിയത്. സമർപ്പിത ജീവിതം തിരുസഭയെ പടുത്തയർത്താനുള്ളതാ ണെന്നും മരണംവരെ വിശ്വസ്തതയോടെ കഠിനാധ്വാനം ചെയ്യേണ്ടതാണെ ന്നും ബഹു. പൈകടയച്ചൻ നമ്മെ പഠിപ്പിച്ചു. ആഴമായ ആത്മീയതയി ലൂടെ അപരന്റെ ആവശ്യങ്ങളെ സ്വന്തം ആവശ്യങ്ങൾ പോലെ കണ്ട് അത് നടപ്പിൽ വരുത്തുവാൻ അച്ചന് കഴിഞ്ഞു. അപരനോട് കാണിക്കുന്ന ശ്രദ്ധയും സ്നേഹവും മാത്രമാണ് ആത്മ രക്ഷയ്ക്കുള്ള മാർഗമെന്ന് മിഷനറിയായ പൈകടയച്ചൻ അറിഞ്ഞിരുന്നു. താമരശ്ശേരി രൂപതയിലെ ഒരു നല്ല ഇടവകയാക്കി ദേവഗിരിയെ മാറ്റുവാൻ പൈകടയച്ചന്റെ തീക്ഷ്ണമായ അജപാലന ശുശ്രൂഷ കാരണമായിട്ടുണ്ട് എന്ന കാര്യം നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ കുടുംബാംഗങ്ങളോടും വിശിഷ്യ സി.എം.ഐ. കോഴിക്കോട് പ്രവശ്യാംഗങ്ങളോടും താമരശ്ശേരി രൂപതയുടെ അനുശോ ചനവും പ്രാർത്ഥനകളും അറിയിക്കുന്നു.

# സെമിനാരി വാർത്തകൾ

### അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഞരളക്കാട്ട് പിതാവ് ഡിസംബർ 7-ാം തീയതി സെമിനാരി സന്ദർശിക്കുകയും വൈദിക വിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു. ഡിസംബർ 19-ാം തീയതി ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മൂക്കുഴി പിതാവ് സെമിനാരിയിൽ ബലിയർപ്പിക്കുകയും ദൈവവിളിയിൽ ആഴപ്പെട്ട് വളരേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിക്കുകയും ചെയ്തു. ഏറെ പ്രചോദനവും ആത്മവിശ്വാസവും നൽകുന്നതായിരുന്നു.

### ക്രിസ്തുമസ് ആഘോഷം

ഡിസംബർ 20-ാം തീയതി സെമിനാരിയിലെ ബാസ്ക്കറ്റ്ബോൾ കോർട്ടിൽ വച്ച് ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തി. ഡിഗ്രി വിദ്യാർത്ഥികളുടേയും മൈനർ സെമിനാരിക്കാരുടേയും നേതൃത്വത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ്

കരോൾ ഏറെ മനോഹരമായിരുന്നു. രൂപതാഭവനിൽ വച്ച് നടത്തപ്പെട്ട കരോളിനും പ്രാർത്ഥനയ്ക്കും ശേഷം അഭിവന്ദ്യ മാർ റെമജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉണ്ണീശോയുടെ രൂപം പുൽക്കൂട്ടിൽ പ്രതിഷ്ഠിക്കുകയും തുടർന്ന് ക്രിസ്തുമസ് ആഘോഷ ങ്ങളിലേയ്ക്ക് പ്രവേശിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാരും രൂപതാഭവനിലെ വൈദികരും സിസ്റ്റേഴ്സും സഹോദരങ്ങളും ചാവറാ കോൺവെന്റിലെ സിസ്റ്റേഴ്സും ഡിഗ്രി വൈദികവിദ്യാർത്ഥികളും ആഘോഷങ്ങളിൽ പങ്കാളികളായി. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് ക്രിസ്തുമസ് സന്ദേശം പങ്കുവച്ചു.

ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന കരോൾ ഗാന മത്സരത്തിൽ ഡിഗ്രി ബ്രദേഴ്സ് 1-ാം സ്ഥാനവും, മൈനർ സെമിനാരി ഒന്നാം വർഷ വിദ്യാർത്ഥികൾ 2-ാം സ്ഥാനവും, മൂന്നാം വർഷക്കാർ 3-ാം സ്ഥാനവും കരസ്ഥമാക്കി.

ഡിസംബർ 21-ാം തീയതി രൂപതാ മൈനർ സെമിനാരിയിൽ വിവിധ മേജർ സെമിനാരികളിലും ഡിഗ്രി പഠനത്തിലുമായിരിക്കുന്ന വൈദിക വിദ്യാർത്ഥികൾ ഒന്നു ചേരുകയും അഭിവന്ദ്യ റെമീജിയോസ് പിതാവിനോടും രൂപതാ ഭവനിലെയും സെമിനാരിയിലെയും വൈദികരോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു.

പെരിയ ബഹു. മോൺ. ജോൺ ഒറവുങ്കര ക്രിസ്തുമസ്സ് സന്ദേശം പങ്കുവച്ചു. സെമിനാരി വിദ്യാർത്ഥികൾ തയ്യാറാക്കിയ 'സൗഹൃദം' മാഗസിൻ പ്രകാശനം ചെയ്യുകയും ചെയ്തു.

### ക്രിസ്തുമസ് പരീക്ഷ, അവധിക്കാലം

ഡിസംബർ 10 മുതൽ 19 വരെ ഒന്നാം വർഷ വൈദിക വിദ്യാർത്ഥി കൾക്കു വേണ്ടി ക്രിസ്തുമസ് പരീക്ഷ നടത്തി. രണ്ടും മൂന്നും വർഷ വൈദിക വിദ്യാർത്ഥികൾ അവരുടെ പഠനത്തോടനുബന്ധിച്ചുള്ള അസൈൻ മെന്റസും പ്രോജക്ടും സമർപ്പിച്ചു. ജനുവരി 4 വരെയാണ് ക്രിസ്തുമസ് അവധിക്കാലം.

**ഫാ. അബ്രാഹം കൊച്ചിലാത്ത്**
റെക്ടർ, അൽഫോൻസാ മൈനർ സെമിനാരി

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

പുതിയ തീരുമാനങ്ങളും... പുതിയ ആശയങ്ങളും... പുത്തനുണർവ് പകർന്ന് പുതുവർഷം ആഗതമായി. 2020 വർഷത്തിലേക്ക് ചുവടു വയ്ക്കുമ്പോൾ കഴിഞ്ഞുപോയ വത്സരത്തിൽ ദൈവം നൽകിയ നന്മകളെ ഓർത്ത് നന്ദി പറയാം. “കർത്താവായ യേശുവിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും”(അപ്പ 16:31) എന്ന ആപ്ത വാക്യവുമായി നമ്മുടെ രൂപത 2020 കുടുംബവർഷമായി ആചരിക്കുകയാണ്. നമ്മുടെ കുടുംബങ്ങൾ തിരുക്കുടുംബത്തിന്റെ സമാധാനവും സ്നേഹവും നിറഞ്ഞ് നവചൈതന്യം പ്രാപിക്കാൻ പ്രാർത്ഥനയിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഈ വർഷം നമുക്ക് ഒരുങ്ങാം. കുടുംബങ്ങൾ നവീകരിക്കപ്പെടുമ്പോഴാണ് ഇടവകയിലും സമൂഹത്തിലും നവീകരണം ഉണ്ടാവുക. 2020 വർഷം അവസാനിക്കുമ്പോഴേയ്ക്കും ഒരു പുത്തനുണർവുണ്ടാകാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. എല്ലാവർക്കും പുതുവർഷാശംസകൾ.

### രൂപതാ മതബോധന കമ്മറ്റി

2019-2020 അദ്ധ്യയന വർഷത്തെ രൂപതാ മതബോധന കമ്മറ്റിയുടെ രണ്ടാമത്തെ മീറ്റിംഗ് 14-12-2019 ശനിയാഴ്ച അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ പി.എം.ഒ.സി-യിൽ വച്ച് ചേരുകയുണ്ടായി. വികാരി ജനറാളച്ചനും ഡയറക്ടറച്ചനും 5 ഫൊറോന വികാരിയച്ചന്മാ രുമടക്കം 30 പേർ യോഗത്തിൽ സംബന്ധിച്ചു. രൂപതാ മതബോധന പ്രസി ഡന്റ് ബാബു ചെട്ടിപറമ്പിലിന്റെ സ്വാഗതത്തോടെ 10.30 ന് ആരംഭിച്ച സമ്മേ ളനം മതബോധന സെക്രട്ടറി പ്രകാശ് നെട്ടേലിന്റെ നന്ദി പ്രകാശനത്തോടെ ഉച്ചയ്ക്ക് 1.00 മണിക്ക് സമാപിച്ചു.

### ഗുരുദർശൻ

മതാധ്യാപക തുടർപരിശീലനം ‘ഗുരുദർശൻ’ അവസാനത്തെ ബാച്ച് ഡിസംബർ 14-15 തീയതികളിൽ പി.എം.ഒ.സി-യിൽ വച്ച് നടക്കുക യുണ്ടായി. സമാപന സമ്മേളനം അഭിവന്ദ്യ റെമീജിയോസ് പിതാവ് ഉദ്ഘാ ടനം ചെയ്തു. ഇരുപത് ബാച്ചുകളിലായി 1127 മതാധ്യാപകരുടെ തുടർപരി ശീലനം രണ്ട് അധ്യയന വർഷങ്ങളിലായി പൂർത്തിയാക്കിയ ബഹു. ഷാന്തി പുതുശ്ശേരി അച്ചനെ അഭിവന്ദ്യ പിതാവ് മെമന്റോ നൽകി ആദരിച്ചു. രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദിയും കടപ്പാടും ഡയറക്ടറച്ചൻ രേഖപ്പെടു ത്തുകയും ചെയ്തു. 88 മതാധ്യാപകർ സംബന്ധിച്ച പ്രോഗ്രാം 15-ാം തീയതി രണ്ട് മണിയോടെ സമാപിച്ചു.

## പ്രധാനാധ്യാപക സംഗമം

2020 ജനുവരി 11-ാം തീയതി ശനിയാഴ്ച പി.എം.ഒ.സി- യിൽ വച്ച് പ്രധാനാധ്യാപക സംഗമം ക്രമീകരിച്ചിരിക്കുന്നു. സംഗമത്തിൽ ആലുവ മംഗലപ്പുഴ സെമിനാരി റെക്ടർ റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ മുഖ്യാതിഥി ആയിരിക്കും. രൂപതയിലെ എല്ലാ പ്രധാനാധ്യാപകരും നിർബ ന്ധമായും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. മതാധ്യാപന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന അധ്യാപകരുടെ പേരുകൾ, ഫോട്ടോ അടങ്ങിയ സി.ഡി. എന്നിവയും 12 വർഷം മുടങ്ങാതെ സൺഡേ സ്കൂളിൽ വന്ന കുട്ടികളുടെ പേരും അന്നേദിവസം ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. രാവിലെ 9.45-ന് ആരംഭിച്ച് 1.15-ന് ഉച്ചഭക്ഷണത്തോടെ സംഗമം അവസാന ിക്കുന്നതാണ്.

## HCC വാർഷിക പരീക്ഷ

2019-2020 അധ്യയന വർഷത്തെ HCC യൂണിവേഴ്സിറ്റി പരീക്ഷ ജനുവരി 26-ാം തീയതി (ഞായർ) ഉച്ചക്കഴിഞ്ഞ് 02 മുതൽ 04 വരെ 23 കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. ജനുവരി 24-ന് ചോദ്യപേപ്പറുകൾ മതബോധന കേന്ദ്രത്തിൽ നിന്നും മേഖലാ ഭാരവാഹികൾക്ക് നൽകുന്ന താണ്. ഉത്തരക്കടലാസുകൾ ജനുവരി 27-ന് മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## HCC ഹാൾ ടിക്കറ്റ്

HCC യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ യോഗ്യരായിട്ടുള്ളവർക്ക് ഹാൾ ടിക്കറ്റ് പ്രധാനാധ്യാപക സംഗമത്തിൽ ഇടവകകൾക്ക് നൽകുന്നതാണ്.

## HCC മൂല്യനിർണയം

HCC ഉത്തരക്കടലാസുകളുടെ മൂല്യനിർണയം ഫെബ്രുവരി 01 ശനിയാഴ്ച രാവിലെ 9.00 മുതൽ വൈകിട്ട് 4.30 വരെ പി.എം.ഒ.സി. യിൽ വച്ച് നടക്കുന്നതാണ്. വിലങ്ങാട്, കരുവാരകുണ്ട് മേഖലകൾ ഒഴികെ ബാക്കി എല്ലാ മേഖലകളിലെയും HCC ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരും അന്നേദിവസം നിർബന്ധമായും മൂല്യനിർണയത്തിൽ പങ്കെടുക്കേണ്ടതാണ്.

## HCC പരീക്ഷാഫലം

ഫെബ്രുവരി 08 ശനിയാഴ്ച വൈകിട്ട് 06 മണിക്ക് HCC പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

## HCC SAY പരീക്ഷ

2020 ഫെബ്രുവരി 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 02 മുതൽ 04 വരെ എല്ലാ മേഖലയിലും ഒരു സെന്ററിൽ വച്ച് HCC സേ പരീക്ഷ (Save an year) നടത്തുന്നതാണ്.

## HCC പുനർമൂല്യനിർണ്ണയം

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം സ്വീകരിക്കുന്ന അവസാന തീയതി 2020 ഫെബ്രുവരി 29 (ശനി).

### ASPCT (Advanced Self-Study Programme for Catechism Teachers)

'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തെ ആസ്പ ദമാക്കി 60 വയസ്സിനു താഴെയുള്ള മതാധ്യാപകർക്കായി നടത്തുന്ന തുടർപരിശീലനത്തോടനുബന്ധിച്ചുള്ള പരീക്ഷ 2020 ഫെബ്രുവരി 23 ഞായറാഴ്ച 2.00 മണി മുതൽ 4 മണി വരെ രൂപതയിലെ എല്ലാ ഇടവകകളിലും നടക്കുന്നതാണ്. അന്നേദിവസം പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് മാർച്ച് ആദ്യഞായറാഴ്ച (മാർച്ച് 01) ഒരവസരം കൂടി നൽകുന്നതാണ്.

### ഡയറക്ടറച്ചന്റെ സന്ദർശനം

നെന്മേനി, ഒറവുംപുറം, കാക്കവയൽ, കരിമ്പ് ഇടവകകളിൽ സന്ദർശനം നടത്തി, മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

## ചെറുപുഷ്പ മിഷൻലീഗ്

### മേഖലാ സന്ദർശനം

തോട്ടുമുക്കം, തിരുവമ്പാടി മേഖലകളിലെ ലൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ രൂപതാ ടീം പങ്കെടുക്കുകയും, എല്ലാ ശാഖകളും സന്ദർശിച്ച് സംസ്ഥാന രൂപതാ വാർഷികവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുകയും ചെയ്തു.

### മിഷൻ ഗെയിംസ്

ചെറുപുഷ്പ മിഷൻ ലീഗ് സംഘടിപ്പിച്ച മിഷൻ ഗെയിംസ് (ഫുട് ബോൾ) ഫൈനൽ മത്സരം നവംബർ 30-ന് കോഴിക്കോട് അരയിടത്തു പാലത്തുള്ള Campeon ടർഫ് കോർട്ടിൽ ഫാ. സെബാസ്റ്റ്യൻ പനമറ്റംപറ മ്പിൽ ഉദ്ഘാടനം ചെയ്തു. ക്വാർട്ടർ മത്സരത്തിലേയ്ക്ക് വിവിധ സോണുക ളിൽ നിന്നും നിന്നും തിരഞ്ഞെടുത്ത എട്ട് ടീമുകൾ പങ്കെടുത്തു. പുഷ്പഗിരി ടീം ഒന്നാം സ്ഥാനവും, നൂറാം തോട് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

സമാപന സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജോയി ജോർജ്ജ് സ്വാഗതമാശംസിച്ചു. ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പുഷ്പഗിരി ശാഖാ ടീം അംഗങ്ങൾക്ക് 3000/- രൂപ ക്യാഷ് അവാർഡും ട്രോഫിയും കെം ഫാർമ ഫാത്തിമ മെഡിക്കൽസ് മാനേജിംഗ് ഡയറക്ടർ അഖിൽ തദേവൂസ് സമ്മാനിച്ചു. രണ്ടാം

സ്ഥാനം കരസ്ഥമാക്കിയ നൂറാംതോട് ശാഖാ ടീം അംഗങ്ങൾക്ക് രൂപതാ മതബോധന ഡയറക്ടർ ഫാ. ജോസഫ് വടക്കേൽ 2000/- രൂപ ക്യാഷ് അവാർഡും ട്രോഫിയും നൽകി. മികച്ച കളിക്കാരനായി പുഷ്പഗിരി ടീമിൽ നിന്ന് സോണറ്റിനെ തിരഞ്ഞെടുക്കുകയും ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ ട്രോഫി നൽകി അഭിനന്ദിക്കുകയും ചെയ്തു. രൂപതാ ഓർഗനൈസർ ശ്രീ. ജിനോ തറപ്പുതൊട്ടി നന്ദിയർപ്പിക്കുകയും ചെയ്തു.

## ദൈവവിളി മാസാചരണ റിപ്പോർട്ട്

ദൈവവിളി മാസാചരണത്തോടനുബന്ധിച്ച് ശാഖകളിൽ വ്യത്യസ്ത മായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. കുട്ടികളിൽ ദൈവവിളിയെക്കുറിച്ചുള്ള ചിന്ത നൽകുന്നതിന് ഉത്തേജനവും പ്രോത്സാഹ നവുമാകത്തക്കവിധം, സെമിനാരി സന്ദർശനം, കൊളാഷ്, വൈദിക, സന്യസ്ത സംഗമം, സ്കിറ്റുകൾ, അഭിമുഖം തുടങ്ങിയ വൈവിധ്യമാർന്ന പ്രോഗ്രാമുകൾ നടത്തി. ദൈവവിളി മാസാചരണം അതിന്റെ പ്രാധാന്യ ത്തോടെ ആചരിച്ച് റിപ്പോർട്ട് നൽകിയ കട്ടിപ്പാറ ശാഖ ഒന്നാം സ്ഥാനവും മാലാപറമ്പ് ശാഖ രണ്ടാം സ്ഥാനവും വാലില്ലാപ്പുഴ ശാഖ മൂന്നാം സ്ഥാന വും കരസ്ഥമാക്കി. വിജയികളായ ശാഖാ ടീം അംഗങ്ങൾക്കും അതോ ടൊപ്പം വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ എല്ലാ ശാഖാ ടീം അംഗങ്ങൾക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

## മെഗാ ക്വിസ്

2020 ജനുവരി 25-ന് നടക്കുന്ന മെഗാ ക്വിസിന് പങ്കെടുക്കാൻ ആഗ്രഹി ക്കുന്ന ടീമുകൾ എത്രയും പെട്ടെന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരിടവ കയിൽ നിന്ന് 2 പേർ അടങ്ങുന്ന ടീമിന് പങ്കെടുക്കാം. 9.30 ന് രജിസ്ട്രേഷൻ. 10. am ന് മത്സരം ആരംഭിക്കും. രജിസ്ട്രേഷൻ ഫീസ് ടീമിന് 100/-രൂപയായിരിക്കും.

## കയ്യെഴുത്ത് മാസിക

ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി ശാഖകളിൽ കയ്യെഴുത്തു മാസിക തയ്യാറാക്കുകയും ഏപ്രിൽ 10-ാം തീയതിക്കുള്ളിൽ രൂപതാ ഓഫീസിൽ ഏൽപ്പിക്കുകയും ചെയ്യണമെന്ന കാര്യം ഓർമ്മിപ്പി ക്കുന്നു. ഏറ്റവും കുറഞ്ഞത് 70 പേജും കൂടിയത് 100 പേജിലുമാണ് കൈയ്യെഴുത്ത് മാസിക തയ്യാറാക്കേണ്ടത്. മറ്റു നിബന്ധനകൾ മാർഗ്ഗ രേഖ പേജ് 29 കാണുക.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# ലിറ്റർജി കമ്മീഷൻ

## ഫീദെസ് ഫാമിലി ക്വിസ്: ഫൈനൽ മത്സരം ജനുവരി 11 ന്

താമരശ്ശേരി രൂപതാ ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ സംഘടി പ്പിക്കുന്ന ഫീദെസ് ഫാമിലി ക്വിസ് 2019-ന്റെ ഫൈനൽ മത്സരം താമരശ്ശേരി രൂപതാ ഭവനിൽ വച്ച് 2020 ജനുവരി 11 ന് രാവിലെ 10 മണിക്ക് ആരംഭി ക്കുന്നതാണ്. ഒരു ഇടവകയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 2 ടീമുകൾ ക്കാണ് ഫൈനൽ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുന്നത്. പങ്കെടു ക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്തുമായി വരേണ്ടതാണ്. 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. താമരശ്ശേരി രൂപതാ കലണ്ടർ 2019- 25%, വി. കുർബാന പുസ്തകം 25%, സീറോ മലബാർ സഭയെ അറിയാൻ എന്ന ഗ്രന്ഥം (എഡിറ്റർ ഫാ. തോമസ് പന്തപ്ലാക്കൽ സി.എം. ഐ.-25%, സഭാസംബന്ധമായ പൊതു ചോദ്യങ്ങൾ-20%, 2019 മലബാർ വിഷൻ ചോദ്യം ഉത്തരം പംക്തി (ഡോ. അബ്രാഹം കാവിൽപുരയിടത്തിൽ)-5%, എന്താണ് ഫൈനൽ മത്സരത്തിലെ സിലബസ്. സീറോ മലബാർ സഭയെ അറിയാൻ എന്ന ഗ്രന്ഥം രൂപതാ ഭവനിലും, പി.എം.ഒ.സി യിലും ലഭ്യമാണ്. വില 50 രൂപ. ഫൈനൽ മത്സരവിജയികൾക്ക് ഒന്നാം സമ്മാനം 25000 /- രൂപ (പാലാഴി ജൈവ കാലിത്തീറ്റ, ഈങ്ങാപ്പുഴ), രണ്ടാം സമ്മാനം 15000/-രൂപ (Chem Pharma, Manjeri ) മൂന്നാം സമ്മാനം 10000 രൂപ/- (Fatima Druglines, Manjeri) എന്ന രീതിയിൽ ലഭിക്കുന്നതാണ്. കൂടാതെ പ്രോത്സഹന സമ്മാനങ്ങളും ഉണ്ട്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# അൽഫ മരിയ അക്കാദമി

## കെ.എ.എസ്. ക്രാഷ് കോഴ്സ്

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ കെ.എ.എസ്. (കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്) ക്രാഷ് കോഴ്സ് ആരംഭിച്ചു. ശനി, ഞായർ, പൊതു അവധി ദിവസങ്ങളിലാണ് ക്ലാസുകൾ.

## മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫ യിൽ 2020 മാർച്ച് 27 ന് ആരംഭിക്കുന്നു

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് 2020 മാർച്ച് 27 ന് ആരംഭിക്കും. KEAM, NEET, JEE Main തുടങ്ങിയ പ്രവേശന പരീക്ഷകൾക്കുള്ള

തീവ്ര പരിശീലനമാണ് നൽകുന്നത്. മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാരംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലനമായിരിക്കും ആൽഫയിൽ നൽകുക, മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേകമായി പരിശീലനം ഉണ്ടായിരിക്കും. മുൻകൂട്ടി അറിയിക്കുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0495-2252180, 9497567689, 8547153669

### പ്രവേശന പരീക്ഷ (IIT Madras HSEE,CLAT, CUCET, TISS etc)

ആൽഫ മരിയ അക്കാദമിയുടെ കുന്ദമംഗലം സെന്ററിൽ ഹ്യൂമാനി റ്റീസ്, കൊമേഴ്സ് വിഷയങ്ങളെ ആസ്പദമാക്കി IIT Madras HSEE,CLAT, CUCET, TISS തുടങ്ങിയ യൂണിവേഴ്സിറ്റിയിലേക്കുള്ള പ്രവേശന പരീക്ഷ പരിശീലനം 2020 മാർച്ച് 27 ന് ആരംഭിക്കും. ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0495 -2800440, 9745745060, 9497567689

### PSC സ്റ്റാഫ് നേഴ്സ് (DHS) പരിശീലനം

2020 നടക്കുന്ന സ്റ്റാഫ് നേഴ്സ് (DHS) പരീക്ഷയ്ക്കുള്ള തീവ്രപരി ശീലനം തിരുവമ്പാടി ആൽഫയിൽ 2020 ജനുവരി 5 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആൽഫ ഓഫീസുമായി ബന്ധ പ്പെടുക. തിരുവമ്പാടി 0495-2252180, 9497567689, 8547153669

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

## ഫാമിലി അപ്പോസ്റ്റലേറ്റ്

### പ്രീ - കാനാ കോഴ്സ് ടൈം ടേബിളിൽ മാറ്റം

താമരശ്ശേരി രൂപതയിൽ 2020 ജനുവരി മുതൽ പ്രീ - കാനാ കോഴ്സ് 3 ദിവസമായിരിക്കും. തിങ്കളാഴ്ച രാവിലെ 9 മണിക്ക് ആരം ഭിച്ച് ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതാണ്. തിങ്കളാഴ്ച രാവിലെ 8 മണിക്ക് കോഴ്സിൽ പങ്കെടുക്കുന്നവർ പി.എം.ഒ.സിയിൽ എത്തിച്ചേരേണ്ടതാണ്. മാതാപിതാക്കൾ ബുധനാഴ്ച 2 മണിക്ക് മുമ്പായി എത്തിച്ചേരണം. മാതാപിതാക്കൾക്കുള്ള ക്ലാസ്സ് ബുധനാഴ്ച 2 മണിക്ക് ആരംഭിച്ച് 4 മണിക്ക് അവസാനിക്കും. തുടർന്ന് സർട്ടിഫിക്കറ്റ് വിതരണവും ചായയും.

## പ്രീ - കാനാ കോഴ്സ് നടത്തി

ഡിസംബർ 09-12 തീയ്യതികളിൽ പി.എം.ഒ.സി-യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 99 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ജോർജ്ജ് കളപ്പുര, ഫാ. റോയി തേക്കും കാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. അരുൺ വടക്കേൽ, ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, മിസ്സിസ്സ് ഷിജി സോജൻ, മിസ്സിസ് ഷാന്റി ജോസ്, എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 10-ാം തിയതി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കോഴ്സിൽ പങ്കെടുത്തവർക്കു വേണ്ടി ദിവ്യബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും, ക്ലാസ്സെടുക്കുകയും ചെയ്തു. ഫാ. തോമസ് പുതിയാപറമ്പിൽ, സജീവ് - ഷീബ പുരയിടത്തിൽ, ഡോ. അരുൺ - ഡോ. ചിന്നു, തോമസ് - ഏലിക്കുട്ടി വെട്ടത്ത് എന്നിവരുടെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിൽ പങ്കെടുത്ത വിവാഹാർത്ഥികളോട് ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ടീം അംഗങ്ങൾ മറുപടി നൽകുകയും ചെയ്തു. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോർജ്ജ് കളപ്പുര, മിസ്റ്റർ ജോൺസൺ പൂവ്വത്തിങ്കൽ എന്നിവർ ക്ലാസുകൾ എടുത്തു 80 ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. എം.എസ്. എം.ഐ സന്ന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സ് കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ - കാനാ കോഴ്സുകൾ**

**ജനുവരി 06-08, ഫെബ്രുവരി 03-05**

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

# മദ്യവിരുദ്ധ സമിതി

## രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം താമരശ്ശേരി ബിഷപ്സ് ഹൗസിൽ വെച്ച് നടന്നു. ഡയറക്ടർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കുടുംബ നവീകരണ വർഷാചരണത്തിന്റെ ഭാഗമായി മാർച്ച് മാസത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപതാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. വ്യാജ മദ്യവിൽപന ലഹരി വസ്തുക്കളുടെ വ്യാപനം എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളിൽ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കണമെന്നും, ലഹരി മാഫിയയ്ക്ക് കീഴടങ്ങിക്കൊണ്ട് നാടെങ്ങും മദ്യമൊഴുക്കുന്നതിനുള്ള സർക്കാർ നടപടികൾ അവസാനിപ്പിക്കണമെന്നും വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകൾ ഏറ്റവും ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. പ്രസിഡണ്ട് ശ്രീ. കുര്യൻ ചെമ്പനാനി, ആനിമേറ്റർ സി. ആഗ്നസ് ജോസഫ്, ജനറൽ സെക്രട്ടറി ശ്രീ. ജോളി ഉണ്ണ്യേപ്പിള്ളിൽ, ശ്രീ. രാജൻ ഉറുമ്പിൽ, ശ്രീ. എബ്രാഹം മണലോടി, ശ്രീ. കെ.സി. ജോസഫ്, ശ്രീ. ജോസ് കാവിൽപുരയിടം, ശ്രീ. ടി.ടി. തോമസ്, സി. ഗീത സി.എം.സി., ശ്രീ. റോയി ജോസ് മുരിക്കോലിൽ, ശ്രീ. എൻ.വി. അബ്രാഹം തുടങ്ങിയവർ പ്രസംഗിച്ചു.

## 20-ാം വാർഷികത്തോടനുബന്ധിച്ച് സുവനീർ പുറത്തിറക്കുന്നു

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപതയിൽ ആരംഭിച്ച് 20 വർഷം ആയതിന്റെ വാർഷികത്തോടനുബന്ധിച്ച് സുവനീർ തയ്യാറാക്കുന്നതിന് രൂപത എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. വ്യക്തിത്വ വികസന ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന സാഹിത്യ മത്സരങ്ങളിൽ സമ്മാനാർഹമായ രചനകൾ, കാലിക പ്രസക്തമായ ലേഖനങ്ങൾ, ലഹരിക്കെതിരെയുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്രബന്ധങ്ങൾ തുടങ്ങിയവ സുവനീറിൽ ഉൾപ്പെടുത്തുന്നതിനും യോഗം തീരുമാനിച്ചു. രൂപത ഡയറക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയാണ് ഇതിനായി പ്രവർത്തിക്കുക. മറ്റ് കമ്മിറ്റി അംഗങ്ങൾ :- കുര്യൻ ചെമ്പനാനി, രാജൻ ഉറുമ്പിൽ, റോയി ജോസ് മുരിക്കോലിൽ, ജോളി ഉണ്ണ്യേപ്പിള്ളിൽ, ടി.ടി. തോമസ്, കെ.സി. ജോസഫ്, എൻ.വി. അബ്രാഹം. സുവനീറിന്റെ ഫണ്ട് ശേഖരണത്തിനായി പരസ്യങ്ങൾ, മറ്റ് സംഭാവനകൾ എന്നിവ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.

## കുളത്തുവയൽ സ്കൂളിൽ ലഹരിവിരുദ്ധ സെമിനാറും, ഫ്ളാഷ് മോബും

കുളത്തുവയൽ സെന്റ് ജോർജ്ജസ് ഹയർ സെക്കണ്ടറി സ്കൂളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റിയുടെ ആഭിമുഖ്യ

ത്തിൽ ലഹരിവിരുദ്ധ സെമിനാർ, റാലി, ഫ്ളാഷ്മോബ് എന്നിവ സംഘടിപ്പിച്ചു. രൂപത ഡയറക്ടർ സെമിനാർ ഉദ്ഘാടനം ചെയ്യുകയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. സെമിനാറിന്റെ ഭാഗമായി നടന്ന റാലി, ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ഫ്ളാഷ്മോബ് എന്നിവ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി. ഷാന്റി ടീച്ചർ, സിസ്റ്റർ മേഴ്സി എന്നിവർ പ്രസംഗിച്ചു.

### പിതാവിനോടൊപ്പം ക്രിസ്മസ് ആഘോഷം

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ സംസ്ഥാന ചെയർമാൻകൂടിയായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനോടൊപ്പം കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മറ്റി അംഗങ്ങൾ ഈ വർഷത്തെ ക്രിസ്മസ് ആഘോഷിച്ചു. അഭി. പിതാവ് കേക്ക് മുറിക്കുകയും ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു. രൂപത ഡയറക്ടർ, പ്രസിഡണ്ട് കുര്യൻ ചെമ്പനാനി, ജനറൽ സെക്രട്ടറി ജോളി ഉണ്ണ്യേപ്പിള്ളിൽ, ആനിമേറ്റർ സി. ആഗ്നസ്, രാജൻ ഉറുമ്പിൽ, അബ്രാഹം മണലോടി, കെ.സി. ജോസഫ്, റോയി മുരിക്കോലിൽ, ജോസ് കാവിൽപുരയിടം, പി.വി. ജോൺ തുടങ്ങിയവരും, രൂപത റിസോഴ്സ് ടീം അംഗങ്ങളും നേതൃത്വം നൽകി.

### സാന്ത്വന കട്ടിപ്പാറയിൽ ക്രിസ്മസ് ആഘോഷം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ കട്ടിപ്പാറയിലെ ഡി അഡിക്ഷൻ സെന്ററായ സാന്ത്വനയിൽ അഗതികളോടൊപ്പം ക്രിസ്മസ് ആഘോഷം നടത്തി. രൂപത ഡയറക്ടർ കേക്ക് മുറിക്കുകയും ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു. രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും, റിസോഴ്സ് ടീം അംഗങ്ങളും ചടങ്ങിൽ സംബന്ധിച്ചു.

### താമരശ്ശേരിയിൽ ക്രിസ്റ്റഫർ പ്രോഗ്രാമിൽ ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിച്ചു.

താമരശ്ശേരിയിൽ നടന്ന ക്രിസ്റ്റഫർ പ്രോഗ്രാമിൽ ലഹരിവിരുദ്ധ സെമിനാർ നടത്തി. രൂപത ഡയറക്ടർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സി. അനു എം. എസ്.എം.ഐ, ബെന്നി കറുകമാലിൽ, ബെന്നി കാരക്കാട്ട്, ബിനീഷ് തുടങ്ങിയവർ പ്രസംഗിച്ചു.

### ചെമ്പ്ര വൃന്ദാവൻ സ്കൂളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണം നടത്തി

ചെമ്പ്ര വൃന്ദാ വൻ സ്കൂളിൽ നടത്തിയ ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറിന് രൂപത ഡയറക്ടർ നേതൃത്വം നൽകി. ലഹരിവിരുദ്ധ സെമിനാറിനോടനുബന്ധിച്ച് ക്രിസ്മസ് ആഘോഷവും നടന്നു. ഹെഡ്മാസ്റ്റർ ശ്രീ. രവീന്ദ്രൻ, ശ്രീ. രാധാകൃഷ്ണൻ, പി.ടി.എ. പ്രസിഡണ്ട് ശ്രീ. ഇയ്യൂബ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ഡിസംബർ 14 ന് ശനിയാഴ്ച രാവിലെ 9.30 ന് ദേവഗിരി ഒസ്സാനാം ഭവനിൽ സെൻട്രൽ കൗൺസിൽ മീറ്റിംഗ് ജപമാലയോടെ ആരംഭിച്ചു. അശോകപുരം ഇൻഫെന്റ് ജീസസ് പള്ളിവികാരി റവ. ഡോ. ജയിംസ് കുഴിമറ്റത്തിൽ ജ്ഞാനവായന നടത്തി വചനം പങ്കുവച്ചു. തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച കണക്കും യോഗം പാസാക്കി.

ഏരിയാ കൗൺസിൽ പ്രസിഡന്റുമാർ അവരവരുടെ ഏരിയായിൽ ചെയ്ത വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് സി.സി. ബോർഡ് അംഗങ്ങൾ അവർക്ക് ഏൽപ്പിച്ച ചുമതലകളിലെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. തിരുവമ്പാടി ഏരിയാ കൗൺസിൽ 60000 രൂപ ചികിത്സ, ഭക്ഷണം, വിദ്യാഭ്യാസം എന്നിവയ്ക്കായി ചിലവഴിച്ചു എന്നും യൂത്ത് കോൺഫ്രൻസ് പാവപ്പെട്ട ഒരു കുടുംബത്തിന് പുതിയ ഭവനം നെല്ലാനിച്ചാലിൽ പണി ആരംഭിച്ചു എന്നും അറിയിച്ചു. ക്രിസ്തുമസ്സിനു മുമ്പായി ഏരിയാ കൗൺസിലിലെ എല്ലാ കോൺഫ്രൻ സുകളുടെയും ഓഡിറ്റിംഗ് പൂർത്തീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടു ണ്ടെന്നും തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സ്നേഹാലയത്തിലേക്കുള്ള റോഡ് ഏറ്റെടുത്ത് പൂർണ്ണമായും കോൺക്രീറ്റ് ചെയ്തു എന്നും അതിന്റെ ഉദ്ഘാടനത്തിൽ ഫൊറോന വികാരി ബഹു. ജോസ് ഓലിയക്കാട്ടിലും എ.സി. പ്രസിഡന്റ് ബ്രദർ അബ്രാഹം കുമ്പളാനിക്കലും പങ്കെടുത്തു എന്നും അറിയിച്ചു.

പാറോപ്പടി ഫൊറോന പള്ളിയിൽ ഡിസംബർ 3 ന് നടന്ന സി.സി സെമിനാർ അംഗങ്ങളുടെ പങ്കാളിത്തം കൊണ്ട് സജീവമായിരുന്നു. സി.സി പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന സെമിനാർ ആധ്യാത്മിക ഉപദേഷ്ടാവ് ബഹു. തോമസ് നാഗപറമ്പിലച്ചൻ ഉദ്ഘാടനം ചെയ്തു. പാറോപ്പടി ഫൊറോന വികാരി ബഹു. റവ. ഡോ. ജോസ് വടക്കേടവും ബ്രദർ ബിജു കാഞ്ഞിരപ്പള്ളിയും എടുത്ത ക്ലാസ്സുകൾ അംഗങ്ങൾക്ക് വലിയ അനുഭവമായിരുന്നു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## തോട്ടുമുക്കം

താമരശ്ശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ തോട്ടുമുക്കം ഇടവകയിൽ പ്രോ-ലൈഫ് സെൽ ആരംഭിച്ചു. ഫൊറോന വികാരി ഫാ. ഡൊമിനിക് തൂങ്കുഴി രക്ഷാധികാരിയായും ശ്രീ. ജോർജ്ജ് കേവള്ളിൽ (പ്രസിഡന്റ്) ദീപു തടത്തിൽ (വൈസ് പ്രസിഡന്റ്) ശ്രീ. റെജി മുണ്ടപ്ലാക്കൽ (സെക്രട്ടറി) സിജു വേണ്ടപ്പി ള്ളിൽ (ജോ. സെക്രട്ടറി) ജോയി തെക്കേൽ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. ഞായറാഴ്ച ദിവ്യബലിക്കുശേഷം നടന്ന മീറ്റിംഗിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനാ യിരുന്നു.

## പ്രോ-ലൈഫ് സെമിനാറും എക്സിബിഷനും നടത്തി

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പയ്യനാട്, തലയാട് ഇടവകകളിൽ പ്രോ-ലൈഫ് സെമി നാറും എക്സിബിഷനും നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ നേതൃത്വം നൽകി.

## എലിസബത്ത് ഫോറം മീറ്റിംഗ് നടത്തി

താമരശ്ശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ഭാഗ മായി പ്രവർത്തിക്കുന്ന എലിസബത്ത് ഫോറത്തിന്റെ ആഭിമുഖ്യ ത്തിൽ തിരുവമ്പാടി ഫൊറോന ദേവാലയത്തിൽ വച്ച് ഗർഭിണികൾ ക്കായി ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും കൗൺസി ലിംഗും നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ദിവ്യബലിക്കും പ്രാർത്ഥനാ ശുശ്രൂഷകൾക്കും നേതൃത്വം നൽകി. തിരുവമ്പാടി പ്രോ-ലൈഫ് യൂണിറ്റ് പ്രസിഡന്റ് ആന്റപ്പൻ വാഴയിൽ, തോമാച്ചൻ പുത്തൻപുരയിൽ, തങ്കച്ചൻ പുരയിടത്തിൽ, വിനോദ് വെട്ടത്ത്, ഡോ. സന്തോഷ് സ്കറിയ, മരിയൻ പ്രോ-ലൈഫ് രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ രൂപതാ ആനിമേറ്റർ സി. റോസ് മേരി സി.എം.സി. എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് ശേഷം ദമ്പതിമാർക്ക് കൗൺസിലിംഗ് നൽകി. കൗൺസിലിംഗിന് സി. ജോയ്സ്, സി. മരിയ എന്നിവർ നേതൃത്വം നൽകി. ഇരുപതോളം ദമ്പതിമാർ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ഉപകരണങ്ങൾ നൽകി

പ്രളയ നാശനഷ്ടങ്ങളിൽ ഉപകരണങ്ങൾ നശിച്ച തിരുവമ്പാടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്, കോളേജിലെ സാമൂഹിക സേവന വിഭാഗമായ എറൈസിന്റെ നേതൃത്വത്തിൽ മെഡിക്കൽ ഉപകരണങ്ങൾ സംഭാവന ചെയ്തു. ബ്ലഡ് പ്രഷർ അപ്പാരറ്റസ്, വെയിങ് മെഷിൻ മുതലായ ഉപകരണങ്ങൾ സംഭാവന ചെയ്തു കൊണ്ടാണ് കോളേജ് സാമൂഹിക പ്രതിബദ്ധത പ്രകടമാക്കിയത്.

## യെല്ലോ ലൈൻ കാമ്പയിൻ

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെയും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നൂറു വാര ചുറ്റളവിൽ പുകയില നിരോധിച്ചുകൊണ്ട് COTPA (Cigerette and other Tubaco Privention ACT) നിയമമനുസരിച്ച് സംഘടിപ്പിച്ച യെല്ലോ ലൈൻ കാമ്പയിന്റെ ഭാഗമായി നടത്തിയ റാലി, പ്രതിജ്ഞ, പൊതു സമ്മേളനം എന്നിവയിൽ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുക്കുകയും പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ സമ്മേളനത്തിൽ ആശംസ നേരുകയും ചെയ്തു.

## മാനേജ്മെന്റ് ഫെസ്റ്റ് ഓഗ്മെന്റ 2019

കോമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ മാനേജ് മെന്റ് ഫെസ്റ്റ് ഓഗ്മെന്റ 2019 വിവിധ പരിപാടികളോടെ നടത്തി. ട്രഷർ ഹണ്ട്, മാർക്കറ്റിങ് ഗെയിം, ക്വിസ്, ഫോട്ടോഗ്രഫി എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തി. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ ഫെസ്റ്റ് ഫ്ളാഗ് ഓഫ് ചെയ്തു. കൊമേഴ്സ് വിഭാഗം മേധാവി ശ്രീമതി സാനി തോമസ്, ഡിയോൺ ബബ്ലു തോമസ്, യൂണിയൻ ചെയർമാൻ ധീരജ് മാത്യു ബേസിൽ എന്നിവർ പ്രസംഗിച്ചു. അജയ് മാനുവൽ, കിരൺ ടോം, ടിൻസി പി ടി, ഹൈദർ ഷാൻ എന്നിവർ നേതൃത്വം നൽകി.

## സൗജന്യ തയ്യൽ പരിശീലന കോഴ്സ് സമാപന സംഗമം

സ്ത്രീ ശാക്തികരണം സാമൂഹിക പ്രതിബദ്ധത എന്നീ ലക്ഷ്യങ്ങ ളോടെ പ്രവർത്തിക്കുന്ന വിമൻ എംപവ്വർമെന്റ് പ്രോഗ്രാം ഓഫ് അൽഫോൻസ കോളേജ് തിരുവമ്പാടി വിപാക്റ്റ് (WEPACT) എന്ന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഇരുപത്തഞ്ച് ദിവസത്തെ സൗജന്യ തയ്യൽ പരിശീലന കോഴ്സിന്റെ സമാപന സംഗമം നടത്തി. പരിശീലനം പൂർത്തിയാക്കി, സ്വന്തമായി തൈയ്ച്ചെടുത്ത

പുത്തൻ ഡ്രസ്സ് ധരിച്ചുകൊ ണ്ടാണ് ഗുണഭോക്താക്കളായ വനിതകൾ സമാപന സംഗമത്തിനെത്തി യത്. വിദ്യാർത്ഥിനികളും, പുറമേനിന്നുള്ള വനിത കളുമടക്കം എൺപ തോളം വനിതകൾ തൊഴിൽ പ്രാവീണ്യം നേടി പദ്ധതിയുടെ ഗുണഭോക്താ ക്കളായി. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും പരിശീലകനായ കോഴിക്കോട് നിവേദിത ഡ്രസ്സ് ഡിസ്സൈനിംങ് ആർട്ട്സ് ഡയറക്ടർ പി ഹനീഷ് കുമാറിനെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

## മോറൽ എംപവ്വർമെന്റ് സെമിനാർ

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്ന പദ്ധതിയുടെ ഭാഗമായി കോളേജിലെ മുഴുവൻ അക്രൈസ്തവ വിദ്യാർത്ഥികൾക്കുമായി ഏകദിന മോറൽ എംപവ്വർമെന്റ് സെമിനാർ നടത്തി. ലീഗൽ അഡ്വൈസർ കോൺ ഷിയോ അഡ്വ. ജിജിൽ സൈബർ കുറ്റകൃത്യങ്ങളെ ക്കുറിച്ചും, ഇന്റർ നാഷ ണൽ ട്രെയ്നർ R V ബിമൽദാസ് ജീവിത വിജയം, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളെക്കുറിച്ചും N T T F സീനിയർ ട്രെയ്നർ മെൽവിൻ സിറിയിക്ക് കൗൺസിലിങ് ആന്റ് മെന്ററിങ് എന്നീ വിഷയത്തെക്കുറിച്ചും സെമിനാറിൽ ക്ലാസ്സെടുത്തു. മാനേജർ റവ. ഫാദർ സ്കറിയ മങ്ങരയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ ആധ്യക്ഷ്യം വഹിച്ചു.

## AWAKE -2019

കോളേജിലെ മുഴുവൻ ക്രൈസ്തവ വിദ്യാർത്ഥികളുടെയും ആത്മീയ ശാക്തീകരണം ലക്ഷ്യമാക്കി ത്രിദിന റസിഡൻഷ്യൽ സ്പിരിച്വൽ എംപവ്വർമെന്റ് പ്രോഗ്രാം നടത്തി. AWAKE -2019 എന്ന ഈ പരിപാടിയുടെ ഭാഗമായി ആത്മീയ നവീകരണ ക്ലാസ്സുകൾ, പ്രാർത്ഥന, ആരാധന, ഗാന ശുശ്രൂഷ, സൗഖ്യാരാധന, കൗൺസ്ലിങ് എന്നിവയും മറ്റ് ജീവിത നവീകരണ പ്രോഗ്രാമുകളും നടന്നു. റവ. ഫാ. റോബിൻ V C സ്പിരിച്വൽ എംപവ്വർമെന്റ് പ്രോഗ്രാമിന്റെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ടീം അംഗങ്ങളായ ക്ലാരമ്മ ജോർജ്,ഡേവിസ്, സിയോൺ എന്നിവർ സഹകാരികളായിരുന്നു. മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ ആധ്യക്ഷ്യം വഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ. ഫാദർ ഷെനീഷ് അഗസ്റ്റിൻ, കോ-ഓർഡിനേറ്റർ ജോർജ് മാമ്മൻ , സിസ്റ്റർ അർപ്പിത സി എം സി , സാനി തോമസ് , റവ. ഫാ. ജിയോ മാത്യു എന്നിവർ നേതൃത്വം നൽകുകയും ആശംസകൾ നേരുകയും ചെയ്തു.

## ഫെലിസ് നവിഡാഡ് (Feliz Navidad) -2019

അൽഫോൻസ കോളേജിൽ വൈവിധ്യമാർന്ന പരിപാടികളോടെ ക്രിസ്മസ് ആഘോഷം (Feliz Navidad) വിപുലമായ രീതിയിൽ നടത്തി. ആഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി ക്രിസ്മസ് കാർഡ് നിർമ്മാണം, കരോൾ ഗാനം, ക്രിസ്മസ് ക്വിസ്, ക്രിസ്മസ് പപ്പ തുടങ്ങി നിരവധി മത്സരങ്ങളും, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലാപരിപാടികളും നടന്നു. മുഴുവൻ

വിദ്യാർത്ഥികൾക്കും അധ്യാപകരുടെ നേതൃത്വത്തിൽ കേക്ക് മുറിച്ച് വിതരണം ചെയ്തു.

കോളേജിന്റെ രക്ഷാധികാരി ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാ നിയിൽ ക്രിസ്മസ് ആഘോഷം ഉദ്ഘാടനം ചെയ്യുകയും മത്സര വിജയി കൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. സമ്മേളനത്തിൽ വെച്ച് കഴിഞ്ഞ വർഷത്തെ ബി എ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥിനിയും കാലിക്കറ്റ് യൂണിവേഴ്സിറ്റി B A ഇംഗ്ലീഷ് ലിറ്ററേച്ചർ ഒന്നാം റാങ്ക് ജേതാവുമായ കുമാരി ജ്യോതിക ബെന്നിയെ ബിഷപ്പ് ഉപഹാരം നൽകി ആദരിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി 'എ' സോൺ ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പ് ടൂർണ്ണ മെന്റിൽ മികച്ച പ്രകടനം കാഴ്ച വെച്ച കോളേജ് ടീം അംഗങ്ങളെയും യോഗത്തിൽ ബിഷപ്പ് ഉപഹാരം നൽകി ആദരിച്ചു.

മാനേജർ റവ. ഫാദർ സ്കറിയ മങ്ങരയിൽ ആധ്യക്ഷ്യം വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ വൈസ് പ്രിൻസിപ്പൽ റവ. ഫാ. ഷെനീഷ് അഗസ്റ്റിൻ, സ്റ്റാഫ് സെക്രട്ടറി സെബാസ്റ്റ്യൻ ചെറിയാൻ, കോ-ഓർഡിനേറ്റർ സിസ്റ്റർ അർപ്പിത സി. എം. സി. ,ബെർണാഡ് ജോസ്, ജ്യോതിക ബെന്നി യൂണിയൻ ചെയർമാൻ ധീരജ് മാത്യു ബേസിൽ എന്നിവർ പ്രസംഗിച്ചു. കോ-ഓർഡിനേറ്റർ, സാനി തോമസ്, ഫാ. ജിയോ മാത്യു വിദ്യാർത്ഥി പ്രതിനിധികളായ സാന്ദ്ര മരിയ ജോർജ് , ബെസലേൽ സുഗത്, നിപിൻ ജോസ് എന്നിവർ നേതൃത്വം നൽകി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# മാതൃവേദി

## രൂപതാ സന്ദർശനങ്ങൾ

പെരിന്തൽമണ്ണ മേഖല രൂപതാ സന്ദർശനവും ക്രിസ്തുമസ് ആഘോഷവും പെരിന്തൽമണ്ണ ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു. ക്രിസ്തുമസ് പപ്പ മത്സരവും കരോൾ ഗാന മത്സരവും അമ്മമാർക്കായി നടത്തി. സന്യാസത്തിന്റെ ജൂബിലി നിറവിൽ ആയിരിക്കുന്ന രൂപതാ ആനിമേറ്റർ സി. ഫിലോ S.A.B.S കേക്ക് മുറിച്ച് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ഫാ. സൈമൺ കിഴക്കേക്കുന്നേൽ, ദീപാ റെജി, മേരി കാര്യാങ്കൽ, എന്നിവർ പ്രസംഗിച്ചു. ഫാ. ജിജോ മലപ്രവനാൽ, സി. അനിറ്റ S.M.M.I., ട്രീസ ജോൺ, ഫിലോമിന, ട്രീസ ഞരളക്കാട്ട് എന്നിവർ പ്രസംഗിച്ചു. വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവർ ലോഗോസ് ക്വിസിന് 70 നു മുകളിൽ മാർക്ക് നേടിയവർ എന്നിവരെ ആദരിച്ചു.

**തോട്ടുമുക്കം**

തോട്ടുമുക്കം മേഖല വാർഷികവും രൂപതാ സന്ദർശനവും ഫൊറോന വികാരി ഫാ. ഡൊമിനിക് തൂങ്കുഴി ഉദ്ഘാടനം ചെയ്തു. മേഖലയുടെ കീഴിലുള്ള യൂണിറ്റുകൾ മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചു. ഫാ. സൈമൺ കിഴക്കേക്കുന്നേൽ, ഫാ. ജോസഫ് കളത്തിൽ, സി. ഇഗ്നേഷ്യ S.A.B.S ദീപ റെജി, ഷാനി സണ്ണി, ചിന്നമ്മ ജോർജ്ജ്, സൗമ്യ സൈബു, സോണിയ ഷിനോജ് എന്നിവർ പ്രസംഗിച്ചു.

**മേഖല സംഗമങ്ങൾ**

കരുവാരകുണ്ട് മേഖലാ സെമിനാർ വാണിയമ്പലം ഇടവകയിൽ വച്ച് നടന്നു. ഫാ. മാത്യു മറ്റക്കോട്ടിൽ സംഗമം ഉദ്ഘാടനം ചെയ്തു. ഫാ. വിൻസെന്റ്, ബിന്ദു മാർട്ടിൻ എന്നിവർ പ്രസംഗിച്ചു. സി. ജിനു M.S.J. സെമിനാറിന് നേതൃത്വം നൽകി. പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. മാത്യു മറ്റക്കോട്ടിലച്ചനെ മേഖല മാതൃവേദി അംഗങ്ങൾ അനുമോദിച്ചു.

**പാറോപ്പടി**

പാറോപ്പടി മേഖലാ ക്രിസ്തുമസ് ആഘോഷവും കരൾഗാന മത്സരവും മാങ്കാവ് ഇടവകയിൽ വച്ച് നടന്നു. ഫാ. റോണി കാവിൽ, സി. മേരി ചാണ്ടി, ട്രീസ ആന്റണി ലീന എന്നിവർ നേതൃത്വം നൽകി.

**മരുതോങ്കര**

മരുതോങ്കര മേഖലാ കരോൾ ഗാന മത്സരത്തിൽ പശുക്കടവ് മരുതോങ്കര, ചാത്തൻകോട്ടുനട ഇടവകകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി.

**തിരുവമ്പാടി**

തിരുവമ്പാടി മേഖലാ ക്രിസ്തുമസ് ആഘോഷവും കരൾ ഗാന മത്സരവും മുക്കം ഇടവകയിൽ വച്ച് നടന്നു. ഫാ. ജേക്കബ് പുത്തൻപുര യ്ക്കൽ, ചിന്നമ്മ ജെസി എന്നിവർ നേതൃത്വം നൽകി.

**യൂണിറ്റ് പ്രവർത്തനങ്ങൾ**

**കുന്ദമംഗലം**

കുന്ദമംഗലം യൂണിറ്റിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷവും മാതാ പിതാക്കൾക്കായി സെമിനാറും നടത്തി. സി. ജിനു M.S.J. സെമിനാറിന് നേതൃത്വം നൽകി. ഫാ. സൈമൺ കിഴക്കേകുന്നേൽ, സി. മേരി ചാണ്ടി, വത്സമ്മ സ്കറിയ, ദീപ റെജി, മേരി ജോണി, മോളി ജോസഫ് എന്നിവർ പ്രസംഗിച്ചു.

**പന്തല്ലൂർ**

പന്തല്ലൂർ ഇടവക മാതൃവേദി ക്രിസ്തുമസ് ആഘോഷങ്ങൾ മഞ്ചേരി ശാലോം മാതാ അഗതിമന്ദിരത്തിലെ അന്തേവാസികൾക്കൊപ്പം നടത്തി. യൂണിറ്റ് ഭാരവാഹികളും ആനിമേറ്റർ സിസ്റ്ററും നേതൃത്വം നൽകി.

### വെറ്റിലപ്പാറ

ഇടവകയുടെ മാതൃവേദിയുടെ നേതൃത്വത്തിൽ നോമ്പുകാലവും വി. കുർബാനയുടെ മഹത്വവും എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി. ബഹു. വികാരിയച്ചൻ ക്ലാസ്സ് നയിച്ചു.

വെറ്റിലപ്പാറ മാതൃവേദിയംഗമായ ലിസി റൂബി നെല്ലിയാനി ഇടവകയിലെ വിധവയായ സ്ത്രീയ്ക്ക് വീട് നിർമ്മിക്കാനായി സ്ഥലം നൽകുകയും വിൻസെന്റ് ഡീ പോളിന്റെ സഹകരണത്തോടെത്തോടെ വീട് നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

### പാറോപ്പടി

പാറോപ്പടി മേഖല ജൈവ പച്ചക്കറി അടുക്കളതോട്ട മത്സരം നടത്തി. കരുണാഭവൻ സന്ദർശിച്ച് ക്രിസ്തുമസ് ആഘോഷം നടത്തി. ആനിയമ്മ വട്ടുകുളം നേതൃത്വം നൽകി.

### മരുതോങ്കര

മരുതോങ്കര ഇടവക മാതൃവേദി ഫിയാത്ത് മിഷൻ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.

### കോടഞ്ചേരി

ഇടവക മാതൃവേദി ലവ് ജിഹാദ് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.അമ്മമാർ വിനോദയാത്ര നടത്തുകയും വിവിധ മത്സരങ്ങളിൽ വിജയികളായവരെ അനുമോദിക്കുകയും ചെയ്തു.

### ദേവഗിരി

ദേവഗിരി ഇടവക മാതൃവേദി ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു.

### കരിമ്പ്

കരിമ്പ് ഇടവകയിലെ മാതൃവേദി യൂണിറ്റ് വാർഷികം ഇടവക ദൈവാലയത്തിൽ വെച്ച് നടന്നു. മേഖലാ ഡയറക്ടർ ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. ജിയോ പുതുശ്ശേരി പുത്തൻപുരയിൽ, ഷാനി സണ്ണി, സി. ഇന്നസെന്റ് എഫ്.സി.സി., ലിസമ്മ തോമസ് എന്നിവർ സംസാരിച്ചു. വിവിധ കലാപരിപാടികൾക്ക് ഷെല്ലി സണ്ണി, ജെസി തോമസ് എന്നിവർ നേതൃത്വം നൽകി.

### തോട്ടുമുക്കം

തോട്ടുമുക്കം ഇടവകയിലെ അമ്മമാർ സ്വയം തയ്യാറാക്കിയ കേക്കുകളുമായി കൂമ്പാറ ഗാന്ധിഗൃഹം സന്ദർശിക്കുകയും അന്തേവാസി കളുമൊത്ത് ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു. മേഖല ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

# പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

നവംബർ 2-ാം തീയ്യതി വി.കുർബ്ബാനയുടെ ദൈവശാസ്ത്രത്തെ ആധാരമാക്കി റവ.ഫാ ജേക്കബ് കപ്പലുമാക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി ബഹു. കപ്പലുമാക്കലച്ചനു സ്നേഹപൂർവ്വം നന്ദി.

ജനുവരി 2-ാം തീയ്യതി വ്യാഴാഴ്ച പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം എന്ന വിഷയത്തെ ആധാരമാക്കിയും ജനുവരി 11-ാം തീയ്യതി ശനിയാഴ്ച്ച തത്വചിന്തയും ദൈവശാസ്ത്രവും എന്ന വിഷയത്തെ ആധാരമാക്കിയും ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

എല്ലാവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകളോടെ,

**ഫാ. തോമസ് കളരിക്കൽ**
ഡയറക്ടർ, പോപ്പ് ബനഡിക്ട്

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു." (1 പത്രോ 2:24)

പരി. അമ്മയുടെ പ്രത്യേക മദ്ധ്യസ്ഥതയാൽ ദൈവാനുഗ്രഹം ചൊരിയപ്പെട്ട ദിനങ്ങളായിരുന്നു ഡിസംബർ മാസം 25 നോമ്പിന്റെ ചൈതന്യത്തിൽ നടത്തപ്പെട്ട എല്ലാ ശുശ്രൂഷകളും കൂടുതൽ അഭിഷേ കവും കൃപയുമുള്ളതായി മാറി. ബലഹീനമായ മനുഷ്യകരങ്ങളിലൂടെ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ അനുഭവിക്കാൻ വ്യത്യസ്ത ങ്ങളായ ശുശ്രൂഷകളിലൂടെ ആയിരക്കണക്കിന് ദൈവമക്കൾക്ക് സാധിച്ചു എന്നത് ദൈവതിരുമുമ്പിൽ നന്ദിയോടെ ഓർക്കുന്നു.

## ബഥാനിയ ധ്യാനങ്ങൾ

ഡിസംബർ 1 മുതൽ 5 വരെയും, 15 മുതൽ 19 വരെയുള്ള ദിവസങ്ങ ളിൽ രണ്ട് ധ്യാനങ്ങളിലായി നിരവധി ദൈവമക്കൾ പങ്കെടുത്ത് അനുഗ്രഹീ തരായി. ദൈവവചനത്തിലും സഭാ പ്രബോധനങ്ങളിലും അടിസ്ഥാനമാ ക്കിയുള്ള ആത്മീയ ശുശ്രൂഷകളിലൂടെ കൂടുതൽ ആഴപ്പെട്ട ബോധ്യങ്ങളി ലേയ്ക്ക് ദൈവമക്കളെ ഈ ധ്യാനങ്ങളിലൂടെ നയിക്കാൻ സാധിച്ചു. ധ്യാനങ്ങൾക്ക് ബഥാനിയാ ടീം നേതൃത്വം നൽകി.

### ഏകദിന കൺവെൻഷൻ

ഡിസംബർ 6, 13, 20, 27 എന്നീ വെള്ളിയാഴ്ചകളിൽ ഏകദിന ധ്യാന ങ്ങൾ നടത്തപ്പെട്ടു. കുമ്പസാരം, ആത്മീയ ഉപദേശം, വചന പ്രഘോഷണം, വി. കുർബാന, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ എന്നീ ആത്മീയ ശുശ്രൂഷകളാൽ ബഥാനിയ ടീം നേതൃത്വം നൽകി.

### ഡിസംബർ 27 കൃതജ്ഞതാ ദിനം

2019 വർഷത്തിൽ ദൈവം ബഥാനിയയ്ക്കും ബഥാനിയായിലൂടെയും വർഷിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് ഡിസംബർ 27-ാം തീയതി രാവിലെ 9 മണിമുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി. ദൈവജനത്തോടൊപ്പം ബഥാനി യായുടെ മുഴുവൻ ശുശ്രൂഷകരും അന്നേ ദിവസത്തെ പ്രാർത്ഥനയിൽ പങ്കെടുത്തു. ശുശ്രൂഷകൾക്ക് ബഥാനിയ ടീം നേതൃത്വം നൽകി.

### ശുശ്രൂഷകരുടെ കൂട്ടായ്മ

ഡിസംബർ മാസം 14-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ ശുശ്രൂഷകർക്ക് വേണ്ടിയുള്ള പ്രത്യേക കൂട്ടായ്മ നടത്തി. പുതുവർഷത്തിൽ കൂടുതൽ അഭിഷേകത്തോടെ ശുശ്രൂഷകൾ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തിരുവചനത്തിന്റെ വെളിച്ചത്തിൽ ബഹു. ഡയറക്ടറച്ചൻ ശുശ്രൂഷകരെ ഓർമ്മപ്പെടുത്തി. വി. കുർബാന യോടെ കൂട്ടായ്മ അവസാനിച്ചു.

### 2020 ജനുവരി മാസത്തെ ശ്രുശ്രൂഷകൾ

| | | |
|---|---|---|
| 03 ആദ്യവെള്ളി | : | ഏകദിന കൺവെൻഷൻ ജാഗരണ പ്രാർത്ഥന (വൈകു ന്നേരം 6 മുതൽ രാവിലെ 5 വരെ) |
| 05 ഞായർ | : | ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം (5-9) |
| 10 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 11 ശനി | : | ശുശ്രൂഷകരുടെ കൂട്ടായ്മ |
| 17 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 19 ഞായർ | : | ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം |
| 24 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 31 വെള്ളി | : | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# കരിസ്മാറ്റിക് മൂവ്മെന്റ്

## 2019 ലെ പ്രവർത്തന റിപ്പോർട്ട്

കോഴിക്കോട് സോണിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മാസമാണ് കടന്നുപോയത്. കാലാവധി പൂർത്തിയാക്കാറായ ഇപ്പോഴത്തെ സർവ്വീസ് ടീമിൽ നിന്നും അടുത്ത രണ്ടുവർഷത്തേയ്ക്ക് സോണിനെ നയിക്കുന്നതിനുള്ള ഉത്തരവാദിത്വ മേറ്റെടുക്കുന്നതിനു വേണ്ടി ശക്തമായ ഒരു സർവ്വീസ് ടീമിനെ രൂപീകരിക്കുവാൻ സാധിച്ചു എന്നതാണ് ഏറ്റം പ്രധാന കാര്യം. ഡിസംബർമാസത്തെ പ്രധാന പ്രർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## സോണൽ സർവ്വീസ് ടീം പുനഃസംഘടന

അടുത്ത രണ്ടുവർഷത്തേയ്ക്ക് സോണിനെ നയിക്കുന്നതിനു വേണ്ടിയുള്ള സോണൽ സർവ്വീസ് ടീമിന്റെ പുനഃസംഘടന 13.12.2019 ന് അശോകപുരം ഉണ്ണിമിശിഹാ പള്ളിയിൽ വച്ചു നടന്നു. സർവ്വീസ് ടീമിനെ തിരഞ്ഞെടുക്കേണ്ട സോണൽ ഉപദേശകസമിതി (സോണൽ അഡ്വൈസറി-ZAC) യിലെ 132 അംഗങ്ങൾ പുനഃസംഘടനാ പ്രക്രിയയിൽ പങ്കെ ടുത്തു. പുനഃസംഘടന നടത്തിയത് കേരള സേവന സമിതി (KCCRST) യുടെ ചെയർമാനും, KCBC കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയുമായ ബഹു. ഫാ. ജോസഫ് താമരവെളിയും KCCRST ടീമംഗങ്ങളുമാണ്. സോണൽ ആനിമേറ്റർ ബഹു. സൈമൺ വള്ളോപ്പിള്ളിയെ കൂടാതെ പെരിന്തൽമണ്ണ ഫൊറോനാ വികാരിയും സബ് സോൺ ആനിമേറ്ററുമായ ബഹു. ഫാ. കുര്യാക്കോസ് ഐക്കുളമ്പിലും, ജൂബിലി ധ്യാനകേന്ദ്ര ഡയറക്ടർ ഫാ. വിൽസൺ എന്നിവരും MSMI മേരിമാതാ പ്രൊവിൻഷ്യൽ ബഹു. സി. ഡെൽസി ഫിലിപ്പ് ഉൾപ്പെടെ 9 സിസ്റ്റർമാരും പങ്കെടുത്തു. പുതിയതായി തെരഞ്ഞെടുത്ത 9 സർവ്വീസ് ടീമംഗങ്ങൾ:-

1. ജോൺസൺ തുണ്ടത്തിൽ - പുല്ലൂരാംപാറ
2. അഗസ്റ്റിൻ മഠത്തിൽ - മഞ്ഞുവയൽ
3. ബേബി പഴംപ്ലാക്കൽ - കുന്ദമംഗലം
4. സിബി ആലക്കാലത്ത് - കുളത്തുവയൽ
5. ഡോ. ഫ്രാൻസിസ് ആറാടൻ - കോട്ടക്കൽ
6. കെ.ജെ. തോമസ് കോഴിമണ്ണിൽ - എരഞ്ഞിപ്പാലം (ബത്തേരി രൂപത)
7. സെൽവി അംബ്രോസ് - കൂടരഞ്ഞി
8. റെജി മുണ്ടംപ്ലാക്കൽ - തോട്ടുമുക്കം
9. ആൻസി തോമസ് ഇലഞ്ഞിക്കൽ - താമരശ്ശേരി

ഇവരെക്കൂടാതെ ഇപ്പോഴത്തെ കോ-ഓർഡിനേറ്റർ ശ്രീ. ജേക്കബ് തോമസ്

(ദേവഗിരി) എക്സ് ഒഫീച്ചിയോ മെമ്പറായിരിക്കും. ഇവർക്ക് 2020 ഫെബ്രുവരി 11, 12 തീയതികളിൽ കരിസ്മാറ്റിക് കേന്ദ്രമായ "എമ്മാവൂസ്" (എറണാകുളം) ൽ വച്ച് ഫോർമേഷൻ നൽകും. അവിടെവച്ച് പുതിയ കോ-ഓഡിനേറ്ററുടെ പേര് പ്രഖ്യാപിക്കുകയും എല്ലാവർക്കും അഭിഷേക പ്രാർത്ഥന നടത്തുകയും അതോടെ പുതിയ സർവ്വീസ് ടീം നിലവിൽ വരുകയും ചെയ്യും.

## ദമ്പതീ കൂട്ടായ്മ

എല്ലാ സബ് സോണുകളിൽ നിന്നും തെരഞ്ഞെടുത്ത ദമ്പതികളുടെ കൂട്ടായ്മ 7.12.2019 നു കുന്ദമംഗലം സെന്റ് ജോസഫ്സ് പള്ളിയിൽ വച്ചു നടന്നു. പങ്കെടുത്തവർക്ക് ബഹു. ഫാ. ഷാന്തി പുതുശ്ശേരി ക്ലാസുകൾ എടുത്തു.

ഡിസംബർ 27-ാം തീയതി കുടുംബങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ മറിയം ത്രേസ്യായുടെ കബറിടം സ്ഥിതിചെയ്യുന്ന കുഴിക്കാട്ടുശ്ശേരിയിൽ വച്ച് കേരളത്തിലെ ആയിരം കരിസ്മാറ്റിക് ദമ്പതികളുടെ കൂട്ടായ്മ നടന്നു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവും സന്ദേശങ്ങൾ നൽകി.

## ക്രിസ്തുമസ് കരോൾ പ്രോഗ്രാം

സോണിന്റെ കെരിഗ്മാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഡിസംബർ 2 മുതൽ 19 വരെ കോഴിക്കോട് മലപ്പുറം ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ തെരുവോരത്തും അങ്ങാടികളിലും ക്രിസ്തുമസ് കരോൾ പരിപാടി നടത്തി. ക്രിസ്തുമസ് സന്ദേശം നൽകുകയും ലീഫ്ലെറ്റുകളും മാസികകളും മറ്റും വിതരണം ചെയ്തു നടത്തിയ ഈ പരിപാടിയിൽ അനേകർ പങ്കെടുത്തു.

## കരുവാരകുണ്ട് സബ്സോൺ സന്ദർശനം

കരുവാരകുണ്ട് ഫൊറോനയിലെ ഇടവകകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകൾ സ്ഥാപിക്കുന്നതിന് ബഹു. ഫാ. സൈമൺ വള്ളോപ്പിള്ളിയും സർവ്വീസ് ടീമംഗം പി.ജെ ബേബി പഴംപ്ലാക്കലും കൂടി എല്ലാ ഇടവകകളും സന്ദർശിച്ചു. ബഹു. ഫാ. സൈമൺ ഇടവകയിൽ ഒത്തുകൂടിയവർക്ക് പ്രാർത്ഥനാ ഗ്രൂപ്പിനെക്കുറിച്ച് സന്ദേശം നൽകുകയും ഓരോ ഇടവകയിലും പ്രാർത്ഥനാ ഗ്രൂപ്പുകൾ സ്ഥാപിക്കുകയും പ്രാർത്ഥനാ ഗ്രൂപ്പുകൾ നയിക്കുന്നതിനുവേണ്ടി കോർ ഗ്രൂപ്പുകളുണ്ടാക്കുകയും ലീഡർമാരെ തെരഞ്ഞെടുക്കുകയും ചെയ്തു. സബ്സോണിൽ പ്രാർത്ഥനാ ഗ്രൂപ്പുകൾ ആരംഭിക്കാൻ താൽപര്യമെടുക്കുകയും സഹായിക്കുകയും ചെയ്ത സബ്സോൺ ആനിമേറ്റർ ബഹു. ഫാ. വിൻസെന്റ് കറുകമാലിനെയും ഇടവക വികാരിയച്ചന്മാരെയും ഏറെ സ്നേഹത്തോടെ സ്മരിക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# വികസന വേദി

## മെഡിക്കൽക്യാമ്പ്

ചക്കിട്ടപാറ GVS ന്റെ കീഴിൽ പേരാമ്പ്ര സൈമൺസ് കണ്ണാശു പത്രിയുടെ സഹകരണത്തോടെ നവംബർ 16ന് ചെമ്പനോട പാരിഷ്ഹാളിൽ വെച്ച്. നേത്രപരിശോധന ക്യാമ്പ്നടത്തി ചെമ്പനോട പള്ളിവികാരി ഫാ.ജിത്തു കൊച്ചുകൈപ്പേൽ ഉദ്ഘാടനം ചെയ്തു. ഏരിയാകോഡിനേറ്റർ എല്ലാവർക്കും സ്വാഗതം പറഞ്ഞു. GVS പ്രസിഡണ്ട് മോളി ബാബു നന്ദിപറഞ്ഞു .

സി.ഒ.ഡി.യുടെയും പുതുപ്പാടി GVS ന്റെ നേതൃത്വത്തിൽ ചിപ്പിലി ത്തോട് പാരിഷ്ഹാളിൽവെച്ച് രാഗം ഒപ്റ്റിക്കൽ താമരശ്ശേരിയും. സംയുക്തമായി നടത്തിയ സൗജന്യനേത്ര പരിശോധന ക്യാമ്പിൽ ചിപ്പിലിത്തോട് വികാരി ഫാ. തോമസ് ഉദ്ഘാടനം ചെയ്യുകയും. COD ഏരിയാകോഡിനേറ്റർ. ത്രേസ്യാമ്മ തോമസ് അദ്ധ്യക്ഷവഹിക്കുകയും ചെയ്തു. ഡോ വേണുഗോപാൽ. കണ്ണ് പരിശോധിച്ച് വേണ്ട നിർദേശങ്ങൾ നൽകി . ഫാൻസി ജോസ്, ചിന്നമ്മ ബേബി എന്നിവർ നേതൃത്വംനൽകി .

## സ്കിൽ ട്രെയിനിംഗ്

ചക്കിട്ടപാറ GVS ന്റെ നേതൃത്വത്തിൽ നവംബർ19. മുതുകാട് ഹരിത SHG ൽ വെച്ച് ചവിട്ടി നിർമ്മാണ പരിശീലനം നടത്തി .ഏരിയാകോ ഡിനേറ്റർ ഷാജി പോൾ നേതൃത്വംനൽകി. കാറ്റുള്ളമല, കക്കയം MCC യുടെ കീഴിലും ചവിട്ടി നിർമ്മാണ പരിശീലനം നടത്തി. ഏരിയാ കോ-ഓഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിശീലനം നൽകി.

## ശിശുദിനാഘോഷം

കായണ്ണ ഗ്രാമവികസന സമതിയും, ദർശനമഹിളാസമാജവും സംയുക്തമായി കാറ്റുള്ളമല അംഗൻവാടി കുട്ടികൾക്കായി മൽത്സര പരിപാടികൾ നടത്തി സമ്മാനങ്ങൾ നൽകി. ദർശന മഹിളാസമാജം പ്രസിഡണ്ട് അദ്ധ്യക്ഷത വഹിക്കുകയും GVS പ്രസിഡണ്ട് സെഗൻ തോാമസ് പരിപാടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.അംഗൻവാടി ടീച്ചർ സ്വപ്ന മുളപ്ലാക്കൽ നേതൃത്വം നൽകി.

## പ്രമേഹദിനാചരണം

തോട്ടുംമുഴി MCC യുടെ നേതൃത്വത്തിൽ തോട്ടുംമുഴിയിൽ വെച്ച് പ്രമേഹ ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണക്ലാസും,മെഡിക്കൽ ക്യാമ്പും നടത്തി. പ്രസ്തുതയോഗത്തിൽ ഏരിയാകോഡിനേറ്റർ സോളി ബെന്നി പരിപാടി ഉദ്ഘാടനംചെയ്തു .

പുതുപ്പാടി GVS ന്റെ നേതൃത്വത്തിൽ നവംബർ 14ന് ലോകപ്രമേഹ ദിനത്തോടനുബന്ധിച്ച് ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പും, ബോധവൽക്കരണ ക്ലാസും നടത്തി. ഏരിയാ കോഡിനേറ്റർ ത്രേസ്യാമ്മ തോമസ് ഉദ്ഘാടനം ചെയ്തു. 1 2 അംഗങ്ങൾ പങ്കെടുത്തു GVS സെക്രട്ടറി ഡെയ്സി ജോയി അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

കല്ലുള്ളതോട് MCC യുടെ നേതൃത്വത്തിൽ, ഹോമിയോ ഡിസ്പൻസറിയിൽ വെച്ച് നവംബർ 14ന് പ്രമേഹ ദിനത്തോടനുബന്ധിച്ച് സെമിനാറുകൾ നടത്തുകയും 19 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത പരിപാടിക്ക് സോമിനി ജോസഫ് നേതൃത്വം നൽകി .

## MCC വാർഷികം

വിലങ്ങാട്- GVS ലെ ഇന്ദിരാനഗർ MCC യിൽപ്പെട്ട ലിറ്റിൽഫ്ളവർ, ദീപം സംഘങ്ങളുടെ വാർഷികം നവംബർ 13,14 തിയതികളിൽ നടത്തപ്പെട്ടു. ലിറ്റിൽഫ്ളവർ സംഘം പ്രസിഡണ്ട് ബിജി സജീവന്റെ അദ്ധ്യക്ഷതയിൽ നവംബർ 13 ചേർന്ന യോഗത്തിൽ ഫാ. ലിൻസ് മുണ്ടക്കൽ മുഖ്യാതിഥിയായിരുന്നു. മീറ്റിംഗിൽ വാർഡ്മെബർ ശ്രീ. ബിനീഷ് നാഗത്തിൽ കോഡിനേറ്റർ ഉഷ ജോണി, സിസ്റ്റർ ലിയ, സിസ്റ്റർ വയലറ്റ്. എന്നിവരും സന്നിഹിതരായിരുന്നു. 60 വയസിനുമുകളിൽ പ്രായമുള്ള സംഘാഗംങ്ങളുടെ മാതാപിതാക്കളെ മീറ്റിംഗിൽ ആദരിച്ചു. ഈ പരിപാടിയുടെ ഭാഗമായി ശിശുദിനാഘോഷം നടത്തുകയും 10 വയസിൽ താഴെപ്രായമായ കുട്ടികൾക്ക് മധുരങ്ങൾ നൽകി ശിശുദിനം ആഘോഷിച്ചു. അമ്മമാരുടെയും കുട്ടികളുടെയും കലാപരിപാടികൾ നടക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. സംഘാംഗം ലിസാ ഷാജു നന്ദിപറഞ്ഞു.

## P.D.R.A program

സി.ഒ.ഡി . താമരശ്ശേരിയും കാരിത്താസ് ഇന്ത്യയുടെയും നേതൃത്വത്തിൽ ദുരന്തനിവാരണ പരിപാലനവും അതിജീവന നയരൂപീകരണവും. വാർഡ് തലത്തിൽ തയ്യാറാക്കുക എന്നലക്ഷ്യത്തോടെ തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട 10 വാർഡുകളിൽ പ്രകൃതിദുരന്തം ഉണ്ടാക്കിയ നാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തു. നവംബർ 19,21,25,28 എന്നീ തിയ്യതികളിൽ. നെല്ലിപൊയിൽ, ചെമ്പുകടവ്, തുഷാരഗിരി, ആനിക്കാംപൊയിൽ, കുപ്പായക്കോട് എന്നീ പ്രദേശങ്ങളെക്കുറിച്ച് പ്രാദേശിക പഠനംനടത്തി റിപ്പോർട്ട് തയ്യാറാക്കി. സി.ഒ.ഡി. പ്രൊജക്ട് കോഡിനേറ്റർ വിന്നി ജോയി നേതൃത്വം നൽകി. പ്രസ്തുത പരിപാടികൾക്ക് അതാതുപ്രദേശങ്ങളിലെ ഏരിയാ കോഡിനേറ്റേഴ്സ് പങ്കാളികളായിരുന്നു.

**ഫാ. ജോസഫ് മുകളേപ്പറമ്പിൽ**
ഡയറക്ടർ, വികസനവേദി

# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് **21.11.2019** മുതൽ **20.12.2019** വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | ചീരട്ടാമല | 8,000.00 |
| 2 | കാളികാവ് | 10,000.00 |
| 3 | കരുവാരകുണ്ട് | 8,000.00 |
| 4 | കുന്ദമംഗലം | 10,000.00 |
| 5 | പെരുവണ്ണാമൂഴി | 15,000.00 |
| 6 | പുല്ലൂരാംപാറ | 10,000.00 |
| 7 | പുല്ലൂരാംപാറ | 10,000.00 |

## വീട്

| | | |
|---|---|---|
| 8 | ചക്കിട്ടപാറ | 20,000.00 |
| 9 | ചക്കിട്ടപാറ | 15,000.00 |
| 10 | കൂമംകുളം | 10,000.00 |
| 11 | കൂമംകുളം | 10,000.00 |
| 12 | കുണ്ടായിത്തോട് | 20,000.00 |
| 13 | മുക്കം | 20,000.00 |

## ചികിത്സ

| | | |
|---|---|---|
| 14 | ചീരട്ടാമല | 15,000.00 |
| 15 | ഈസ്റ്റ് ഹിൽ | 10,000.00 |
| 16 | കല്ലുരുട്ടി | 10,000.00 |
| 17 | കട്ടിപ്പാറ | 2,000.00 |
| 18 | കൂരാച്ചുണ്ട് | 7,000.00 |
| 19 | പെരുവണ്ണാമൂഴി | 10,000.00 |
| 20 | പുല്ലൂരാംപാറ | 5,000.00 |
| 21 | താമരശ്ശേരി | 10,000.00 |
| 22 | വാളൂക്ക് | 10,000.00 |

## വിവാഹം

| | | |
|---|---|---|
| 23 | കൂടത്തായ് | 20,000.00 |
| 24 | കൂരാച്ചുണ്ട് | 10,000.00 |
| 25 | താമരശ്ശേരി | 30,000.00 |

**ആകെ തുക 3,05,000.00**

ഫാ. മാത്യു പുളിമൂട്ടിൽ
ഫിനാൻസ് ഓഫീസർ



# അജപാലനക്കുറിപ്പുകൾ

ഡിസംബർ 2019

01 രാവിലെ, മരഞ്ചാട്ടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

04-06 എറണാകുളം പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി മെത്രാൻ സിനഡിൽ സംബന്ധിച്ചു.

07 രാവിലെ, കൂരാച്ചുണ്ട് പരേതനായ മുണ്ടനാട്ട് പുന്നൂസ് വർക്കിയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് പരേതനു വേണ്ടി പ്രാർത്ഥിച്ചു.

ഉച്ചക്ക്, പി.എം.ഒ.സി.യിൽ നടന്ന മീഡിയ കമ്മീഷൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം, തിരുവമ്പാടി ഇടവകയിൽ അഴകത്ത് കുടുംബ യോഗം നിർമ്മിച്ചു നല്കിയ ഒരു ഭവനം വെഞ്ചരിച്ചു.

08 രാവിലെ, കണ്ണോത്ത് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 രാവിലെ, പാറോപ്പടി ഇടവകദൈവാലയത്തിൽ വി. കുർബാന യർപ്പിച്ച്, പുതുതായി സ്ഥാപിച്ച കുരിശും നിലവിളക്കും വെഞ്ചരിച്ചു.

മേരിക്കുന്ന് പി.എം.ഒ.സി. യിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സെടുത്തു.

11 രാവിലെ, മാനന്തവാടി രൂപതാഭവനിൽ വൈദിക സമ്മേളന ത്തിൽ മലബാറിലെ മറ്റു മെത്രാന്മാരോടൊപ്പം പങ്കെടുത്തു.

വൈകുന്നേരം, രൂപതാഭവനിൽ നടന്ന സാമ്പത്തികകാര്യ സമിതി മീറ്റിംഗിൽ സംബന്ധിച്ചു.

12 രാവിലെ, രൂപതാഭവനിൽ നടന്ന ഉപദേശക സമിതി മീറ്റിംഗിൽ സംബന്ധിച്ചു.

13 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് ക്ലാസ്സെടുത്തു.

14 രാവിലെ, പി.എം.ഒ.സി.യിൽ ഗുരുദർശൻ പരിപാടിയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

പി.എം.ഒ.സി.യിൽ വച്ചു നടന്ന മതബോധന കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

ചേവരമ്പലം ഹോം ഓഫ് ലൗവിൽ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ 90-ാം ജന്മദിനാഘോഷത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടിയിൽ 4us ബേക്കറിയിൽ നടന്ന ക്രിസ്മസ്സ് കേക്ക് മഹോത്സവം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, മുക്കം പള്ളോട്ടി ഹിൽസ് സ്കൂൾ വാർഷികാ ഘോഷം ഉദ്ഘാടനം ചെയ്തു.

15 ചീരട്ടാമല ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, മരിയാപുരം ഇടവകയിൽ പരേതനായ വീട്ടുവേലിക്കുന്നേൽ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

16 രാവിലെ, താമരശ്ശേരി രൂപതാഭവനിൽ നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

17 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഇടവകയിൽ പരേതനായ ചാത്തം കണ്ടത്തിൽ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

18 രാവിലെ, മഞ്ഞുവയൽ ഇടവകയിലെ ആരാധന സന്ന്യാസിനി സമൂഹത്തിന്റെ ഭവനത്തിൽ പുതുതായി സ്ഥാപിച്ച അൾത്താര കൂദാശ ചെയ്തു.

തിരുവമ്പാടി അൽഫോൻസ കോളേജിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, ചേവരമ്പലം സ്റ്റാർട്ടിൽ നടന്ന ഇൻഫാം സോണൽ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

ചേവരമ്പലം സ്റ്റാർട്ടിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

വൈകുന്നേരം, തേഞ്ഞിപ്പാലത്ത്, കാലിക്കറ്റ് യൂണിവേഴ്സി റ്റിയുടെ ക്രിസ്റ്റ്യൻ ചെയർ സംഘടിപ്പിച്ച ക്രിസ്തുമസ്സ് ആഘോ ഷം ഉദ്ഘാടനം ചെയ്തു.

19 രാവിലെ രൂപതാഭവനിൽ നടന്ന വൈദികരുടെ പൊതുമാസ ധ്യാനത്തിലും തുടർന്ന് നടന്ന വൈദിക സമിതി സമ്മേളന ത്തിൽ തലശ്ശേരി അതിരൂപതയിലെ മെത്രാന്മാരോടൊപ്പം സംബന്ധിച്ചു.

20 രാവിലെ, ഈങ്ങാപ്പുഴ ജൂബിലി ധ്യാനകേന്ദ്രത്തിൽ ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപതാഭവനിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാ രിയിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

21 രാവിലെ, ഇരിഞ്ഞാലക്കുട പാക്സ് സെന്ററിൽ കത്തോലിക്കാ കോൺഗ്രസിന്റെ വാർഷിക സമ്മേളനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാ രിയിൽ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർ ത്ഥികളുടെ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

22 കാറ്റുള്ളമല ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

23 ഉച്ചകഴിഞ്ഞ്, പെരുവണ്ണാമൂഴി ശാലോമിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

25 രൂപത കത്തീഡ്രൽ ദൈവാലയത്തിൽ തിരുപ്പിറവിയുടെ കർമ്മ ങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

26 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്ന് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകുകയും ചെയ്തു.

മേരിക്കുന്ന് ഹോളി റെഡീമർ ഇടവകയിൽ ഒരു വിവാഹവാ ഗ്ദാന ചടങ്ങിന് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, തേക്കുംകുറ്റി ഇടവകയിൽ ബഹു. ഫാ. ജെയിംസ്

കുഴിമറ്റത്തിലച്ചന്റെ പൗരോഹിത്യ സ്വീകരണ രജത ജൂബിലിയോട നുബന്ധിച്ച് വി. കുർബാനയർപ്പ് ജൂബിലി ആശംസകൾ നേർന്നു.

27 രാവിലെ, കൂരാച്ചുണ്ട് ഇടവക ദൈവാലയത്തിൽ ഡീക്കൻ ജോർജ്ജ് (സലീഷ്) ചിറ്റാട്ടുകുന്നേലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ് തോട്ടുമുക്കം ഇടവകയിൽ നടന്ന ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം താമരശ്ശേരി സമന്വയ സംഘടനയുടെ ക്രിസ്തുമസ്സ് ആഘോഷത്തിൽ സംബന്ധിച്ചു.

28 രാവിലെ, കോടഞ്ചേരി ഇടവക ദൈവാലയത്തിൽ ഡീക്കന്മാരായ അലക്സ് പനച്ചിക്കൽ, ജോസഫ് (ഡയസ്) ആനിക്കുടിയിൽ, ജോസ് (നിബിൻ) പുല്ലുവേലിൽ എന്നിവർക്ക് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ്, ദേവഗിരി ഇടവകയിൽ ഒരു വിവാഹ വാഗ്ദാന ചടങ്ങിന് കാർമ്മികത്വം വഹിച്ചു.

29 രാവിലെ, മാലാപറമ്പ ഇടവകയിൽ ഇടവക സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാന യർപ്പിക്കുകയും ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകുകയും തുടർന്ന് തിരി തെളിച്ച് രൂപതാ കുടുംബനവീകരണ വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് മാങ്കാവ് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

30 രാവിലെ, കരിങ്ങാട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

പുല്ലൂരാംപാറ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

31 രാവിലെ, മെലെള്ളാംപാറ ഇടവകയിൽ ഡീക്കൻ ജോസഫ് ചിറത്തലയ്ക്കലിന് പൗരോഹിത്യ പട്ടം നൽകി.



# POPE FRANCIS



## ‘Urbi et Orbi’ Message 2019

The theme of Pope Francis’ annual Christmas Day “Urbi et Orbi” Message is “The people who walked in darkness have seen a great light”. Pope highlighted the plight of many suffering people and nations across the globe, praying for the peace of the Lord who has come to save us. Pope said that “There is darkness in human hearts, yet the light of Christ is greater still.”

There is darkness, he said, in “personal, family and social relationships, but the light of Christ is greater. There is darkness in economic, geopolitical and ecological conflicts, yet greater still is the light of Christ.”

Pope turned his attention to the situation of “the many children suffering from war and conflicts in the Middle East and in various countries of the world.”

“May Emmanuel bring light to all the suffering members of our human family. May He soften our often stony and self-centred hearts, and make them channels of His love. May He bring His smile, through our poor faces, to all the children of the world: to those who are abandoned and those who suffer violence.”

Through our frail hands, the Pope concluded, “may He clothe those who have nothing to wear, give bread to the hungry and heal the sick. Through our friendship, such as it is, may He draw close to the elderly and the lonely, to migrants and the marginalized. On this joyful Christmas Day, may He bring His tenderness to all and brighten the darkness of this world.”

*(Pope Francis’ Urbi et Orbi Message, 25 December 2019)*